# ആമുഖം

അതിദ്രുതം മാറിക്കൊണ്ടിരിക്കുന്ന ആഗോള ചുറ്റുപാടിനോടിണങ്ങി ജീവിക്കാനുതകുന്ന ശേഷികളും ധാരണകളും മനോഭാവങ്ങളും സ്വായത്തമാക്കാൻ ഓരോ വ്യക്തിയേയും പ്രാപ്തനാക്കുക എന്നാതാണല്ലോ വിദ്യാഭ്യാസത്തിന്റെ ആത്യന്തിക ലക്ഷ്യം ഈ ലക്ഷ്യത്തെ മുൻ നിർത്തി അറിവ് നേടൽ,നേടിയ അറിവിനെ പ്രായോഗിക വത്കരിക്കൽ,അനുരൂപീകരണ ശേഷി,സൃഷ്ടിപരത,വിമർശകാത്മക ചിന്ത,കണ്ടെത്തൽ ശേഷി,വൈകാരികവും സാമൂഹികവുമായ ഇടപെടൽ ശേഷി,ആജീവാനന്ത പഠന ഭാവം,ആഗോള പൌര ബോധം,പരിസ്ഥിതി ബോധം,സുസ്ഥിര വികസനോന്മുഖത,മാനുഷിക ബോധം,സർവ്വ ജീവി സ്നേഹം,മുതലായ സാർവ്വത്രിക കാര്യങ്ങളെ പുതുതലമുറയിൽ വളർത്തി കൊണ്ടുവരിക എന്നതാണ് ഓരോ വിദ്യാലയത്തിന്റെയും ലക്ഷ്യം എന്നാൽ ലക്ഷ്യപ്രാപ്തിയിലേക്കുള്ള വഴികൾ സങ്കീർണ്ണവും യാത്ര ശ്രമകരവുമാണ്.എങ്കിലും ഓരോ വിദ്യാഭ്യാസ സ്ഥാപനവും അതിന്റെ ഭൂമി ശാസ്ത്ര,സാംസ്കാരിക,മനുഷ്യ വിഭവ, സാമ്പത്തിക,ചരിത്ര സൂചികകൾക്കനുസൃതമായ ലക്ഷ്യത്തിലേക്ക് യാത്ര ചെയ്യേണ്ടതുമുണ്ട്.അതുതന്നെയാണ് അക്കാദമിക് മാസ്റ്റർ പ്ലാനിന്റെ പ്രസക്തിയും.ഇതു കൊണ്ടുതന്നെയാണ് വടകര ഗവൺമെന്റ് ഹയർസെക്കണ്ടറി സ്കൂൾ,പുത്തൂർ 2025-26 അക്കാദമിക് വർഷത്തെ മാസ്റ്റർ പ്ലാൻ തയ്യാറാക്കിയിരിക്കുന്നത്.

മഹത്തായ മാർഗ്ഗം എന്നർത്ഥം വരുന്ന മാഗ്നവയ എന്ന ലാറ്റിൻ പദം ശീർഷകമായ് വരുന്ന ഈ മാസ്റ്റർ പ്ലാൻ ഈ പ്രദേശത്തെ പൊതുസമൂഹത്തിന്റെ പിന്തുണയ്ക്കും ക്രിയാത്മക ഇടപെടലുകൾക്കുമായി മുന്നോട്ട് വെക്കുന്നു.

# ദർശനം

ആധുനിക സാങ്കേതിക വിദ്യകളുടെയും ശിശു സൗഹൃദ പഠന പ്രവർത്തനങ്ങളുടെയും സഹായത്തോടെ ഗുണമേന്മയുള്ള വിദ്യാഭ്യാസം നൽകി ശാസ്ത്രബോധം ,സാങ്കേതികജ്ഞാനം ,യുക്തി ചിന്ത,സാമൂഹ്യ ബോധം,സൗന്ദര്യാത്മകത,ആരോഗ്യാവബോധം,പ്രകൃതി സ്നേഹം,നൈപുണികൾ എന്നിവ വളർത്തിയെടുത്ത് ഓരോ വിദ്യർത്ഥിയെയും ആഗോളപൗരനായി വളർത്തിക്കൊണ്ട് മികവിന്റെ കേന്ദ്രമായി ഈ വിദ്യാലയത്തെ മാറ്റുക...

- സ്കൂൾ വിദ്യാഭ്യാസത്തിലെ ഗുണനിലവാര നിലവാരം ഉയർത്തുന്നതിനുള്ള നയങ്ങളെയും പരിപാടികളെയും നടപ്പിലാക്കുക
- കുട്ടികളുടെ പഠന ഗവേഷണങ്ങൾ ഏറ്റെടുക്കുക, ഏകോപിപ്പിക്കുക, സഹായിക്കുക.
- കുട്ടികളുടെ സമഗ്ര വികസനത്തിന് അനുഗുണമായ പ്രവർത്തനങ്ങൾ നടപ്പിലാക്കുക
- നൂതന വിദ്യാഭ്യാസ സാങ്കേതിക വിദ്യകളും രീതികളും പ്രോത്സാഹിപ്പിക്കുകയും പരിശീലിപ്പിക്കുകയും ചെയ്യുക.
- കുട്ടികളുടെ വളർച്ചക്കും പുരോഗതിക്കും ആവശ്യമായ മാർഗ്ഗനിർദ്ദേശങ്ങളും നിവേശനവും നൽകുക
- കുട്ടികളുടെ വളർച്ചക്കും പുരോഗതിക്കും ആവശ്യമായ പോഷകാഹാരം ഉറപ്പ് വരുത്തുക ആരോഗ്യ സംരക്ഷണ പ്രവർത്തനങ്ങൾക്ക് നേതൃത്വം വഹിക്കുക

# ചരിത്രവും തൽസ്ഥിതിയും

ജി.എച്ച്.എസ്.എസ് വടകര, ജി.ബി.ടി.എച്ച്.എസ് വടകര എന്നീ നാമധേയങ്ങളിൽ അറിയപ്പെടുന്ന പുത്തൂരിൽ സ്ഥിതി ചെയ്യുന്ന ഈ വിദ്യാലയത്തിന്റെ ആരംഭം 1923 ലാണ്. 1950 ൽ ജി.ബി.ടി.എസ് എന്ന പേരിൽ വടകരയിലുള്ള ഈ വിദ്യാലയം 1962 ൽ പുത്തൂരിലേക്ക് മാറ്റി. തിരുവോത്ത് തറവാട്ടിലെ അവസാന കാരണവരായിരുന്ന ടി. എച്ച്. നാരായണകുറുപ്പ് മുൻകൈ എടുത്ത് പൊന്നും വിലയ്ക്ക് സർക്കാറിന് കൈമാറിയ സ്ഥലത്താണ് ഇന്നത്തെ ഈ വിദ്യാലയം നിർമ്മിച്ചിട്ടുള്ളത്. 1980 ൽ ട്രെയിനിംങ്ങ് സ്കൂളും മോഡൽ സ്കൂളും വേർപിരിഞ്ഞു.

1995 വരെ ഷിഫ്റ്റ് സമ്പ്രദായത്തിൽ പ്രവർത്തിച്ചിരുന്ന ഈ വിദ്യാ ലയം അന്നത്തെ എം.എൽ.എ ശ്രീ. കെ.ചന്ദ്രശേഖരൻ മുൻകൈ എടു ത്തതിന്റെ ഫലമായി പുതിയ ഇരുനില കെട്ടിടത്തിൽ പ്രവർത്തനമാരംഭിച്ചു. 1998 ൽ പ്ലസ് ടു വിഭാഗം ആരംഭിച്ചതിൻ്റെ ഫലമായി വടകര ഹയർ സെക്കൻററി സ്കൂളായി മാറുകയും ചെയ്തു .

ജനകീയാസൂത്രണത്തിൻ്റെ ഭാഗമായ് നിർമ്മിക്കപ്പെട്ട നാല് ക്ലാസ്മുറികളുള്ള ഇരുനില കെട്ടി ടവും ശ്രീമതി എ.കെ.പ്രേമജം എം.പി.അനുവദിച്ച ഫണ്ട് ഉപയോഗിച്ച് നിർമ്മിച്ച ഇരുനില കെട്ടി ടവും പ്ലസ് ടു വിഭാഗത്തിന് ഏറെ സഹായകമായി. പ്ലസ് ടു വിന് രണ്ട് ലാബിനു വേണ്ടി ശ്രീമതി എ.കെ.പ്രേമജം എം.പി യുടെ ഫണ്ട് അനുവദിക്കുകയും അതിൻ്റെ പ്രവർത്തനമാരംഭി ക്കുകയും ചെയ്തിട്ടുണ്ട്. ജനകീയാസൂത്രണ പദ്ധതിയിൽ ഉൾപ്പെടുത്തിക്കൊണ്ട് വിദ്യാലയത്തിന്റെ കളിസ്ഥലം സ്റ്റേഡിയമാക്കി മാറ്റിയത് ഈ വിദ്യാലയത്തിന് മാത്രമല്ല വടകര വിദ്യാഭ്യാസ ജില്ലയ്ക്ക് തന്നെ ഒരു മുതൽക്കൂട്ടാണ്. ഈ വർഷം ഭാഗീകമായി ചുറ്റുമതിലും ഉണ്ടാക്കിയിട്ടുണ്ട്. കൂടാതെ റീഡിംഗ് റൂമും ആരംഭിച്ചിട്ടുണ്ട്. എസ്.എസ്.എ പദ്ധതി ഉപയോഗിച്ചുള്ള കുടിവെള്ള പദ്ധതിയും ഐ.ഇ. ഡി. സ്കീം ഉപയോഗിച്ച് സൗകര്യപ്രദമായ ഒരു മൂത്രപ്പുരയും നിർമ്മിച്ചിട്ടുണ്ട്. എങ്കിലും അനുദിനം പുരോഗമിച്ചുകൊണ്ടിരിക്കുന്ന ഈ വിദ്യാലയത്തിൻ്റെ എസ്.എസ്. എൽ.സി റിസൽട്ട് പ്രതീക്ഷിക്കാത്തവിധം ഉയർന്ന് കാണാത്തത് ഒരു കുറവ് തന്നെയായി കാണു ന്നു. ഈ കുറവ്

പരിഹരിക്കുന്നതിനു വേണ്ടി പല പ്രവർത്തനങ്ങളും ആരംഭിച്ചിട്ടുണ്ട്. കഴിഞ്ഞ വർഷം എസ്.എസ്.എൽ.സി റിസൽട്ട് 40.82% വും പ്ലസ് ടൂ കൊമേഴ്സ് 93 % വും സയൻസ് 85% വും ആണ്. വളരെ നല്ല നിലയിൽ പ്രവർത്തിക്കുന്ന പി.ടി.എ അഭിനന്ദനമർഹിക്കുന്നുണ്ട്.

തുടർന്നിങ്ങോട്ട് വിദ്യാഭ്യാസ മേഖലയിൽ ഗുണമേന്മയിൽ ശ്രദ്ധയൂന്നിക്കൊണ്ട് നിരവധി പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്ത് നടപ്പിൽ വരുത്തുകയുണ്ടായി. സംസ്ഥാന തലത്തിൽ നിരവധി പ്രവർത്തനങ്ങൾ ഈ ഘട്ടത്തിൽ വന്നതും അതിന് അനുഗുണമായ പരിഷ്കാരങ്ങൾ വിദ്യാലയവും ഏറ്റെടുത്ത് നടത്തിയതും വൈജ്ഞാനിക മുന്നേറ്റത്തിനും ഗുണമേന്മക്കും കാരണമായി. പൊതു വിദ്യാഭ്യാസ രംഗത്ത് ജനസമ്മിതി നേടിയ പ്രവർത്തനങ്ങളായിരുന്നു മിക്കതും. വമ്പിച്ച ജനകീയ ഇടപെടലുകൾക്ക് അവസരമൊരുക്കിയ പൊതു വിദ്യാഭ്യാസ സംരക്ഷണയജ്ഞത്തിന്റെ കീഴിൽ ഈ കാലയളവിൽ വിദ്യാലയം ജനകീയമായ മീറ്റിങ്ങുകൾ സംഘടിപ്പിച്ചു. സ്കൂളിന്റെ പോഷകഭൂമികയായ അരക്കിലാട്, അരിക്കോത്ത്, നടക്കുതാഴ, കുറുമ്പായിൽ, നേന്ത്രമല എന്നീ ഭാഗങ്ങളിലെ വീടുകൾ കേന്ദ്രീകരിച്ച് കോർണർ പി ടി എ കാലും വീട്ടുമുറ്റത്തൊരു സെമിനാർ എന്ന പരിപാടിയുടെ ഭാഗമായി പൊതു വിദ്യാഭ്യാസ മേഖലയെ സംരക്ഷിക്കേണ്ടതിന്റെ ആവശ്യകതയും ജനങ്ങളെ ബോധ്യപ്പെടുത്തി,ഇത്തരം പ്രവർത്തനങ്ങളുടെ ഫലമായി അഡ്മിഷൻ കൂടുകയും കൊഴിഞ്ഞുപോക്ക് കുറയുകയും ചെയ്തു

അധ്യാപകർ, രക്ഷാകർതൃ സമിതി, എസ് എം സി തുടങ്ങിയ പിന്തുണ സംവിധാനങ്ങളുടെയും ശ്രമഫലമായി ഇന്ന് ജില്ലയിൽ തന്നെ മികവിന്റെ കാര്യത്തിൽ ശ്രദ്ധനേടിയ സ്കൂൾ ആയി വിദ്യാലയം മാറി, എസ് എസ് എൽ സി പരീക്ഷയിലെ തുടർച്ചയായ തിളക്കമാർന്ന വിജയവും മത്സര/ സ്കോളർഷിപ് പരീക്ഷകളിലെ വിജയവുമാണ് സ്കൂളിനെ മികവിൽ ജില്ലയിൽ തന്നെ മികച്ച സ്ഥാപനമാക്കി മാറ്റിയത്

എന്നാൽ ഇന്ന് അഡ്മിഷൻ ആഗ്രഹിച്ച് വരുന്ന കുട്ടികൾക്ക് മുഴുവൻ അഡ്മിഷൻ നൽകാൻ കഴിയുന്നില്ല സ്കൂളിലെ കുട്ടികൾക്ക് ക്ളാസ് മുറികളുടെ അപര്യാപതതയും സൗകര്യമില്ലായ്മയും സർക്കാർ നിർദ്ദേശിക്കുന്ന വിദ്യാർത്ഥി - അധ്യാപക അനുപാതത്തിൽ കൂടുതൽ കുട്ടികളുമായി പഠിക്കാൻ മാത്രമേ സാധ്യമാവുന്നുള്ളൂ

2020 മുതൽ പുതിയ കെട്ടിടം പണിയുക എന്ന ആവശ്യം അധികാരികളുടെ മുൻപിൽ എത്തിക്കാനും തുടർന്ന് കിഫ്ബിയിൽ നിന്ന് ഫണ്ട് അനുവദിച്ചു കിട്ടി, കില ആവശ്യമായ പ്ലാനും എസ്റ്റിമേറ്റും തയ്യാറാക്കി, യു എൽ സി സി നിർമ്മാണ കരാർ ഏറ്റെടുത്തു എങ്കിലും ചില സാങ്കേതിക പ്രശ്നങ്ങളിൽ നിർമ്മാണ പ്രവർത്തനങ്ങൾ തുടങ്ങാൻ കഴിഞ്ഞിട്ടില്ല, സ്ഥലം എം എൽ എ യുടെ നേതൃത്വത്തിൽ നടന്ന നിർമ്മാണ കമ്മിറ്റി യോഗം നിർമ്മാണ പ്രവർത്തനങ്ങൾ ത്വരിതപ്പെടുത്താൻ ശ്രമങ്ങൾ നടക്കുന്നു വരുന്നു

# അവസ്ഥ പഠനം

| മേഖല | പ്രശ്നങ്ങൾ | അവസ്ഥ | | | കാരണങ്ങൾ |
|---|---|---|---|---|---|
| | | ലഘുതരം | ഗുരുതരം | തീവ്രം | |
| ഭൗതീകം | ❖ ഗണിത ലാബിന്റെ അഭാവം<br>❖ അടിസ്ഥാന പഠനോപകരണങ്ങളുടെ ലഭ്യതക്കുറവ്<br>❖ ഗ്ലോബ് മാപ്പ് തുടങ്ങിയ പഠനോപകരണങ്ങളുടെ ലഭ്യതക്കുറവ്<br>❖ ദിനാചരണങ്ങൾ പോലെയുള്ള പരിപാടികൾക്ക് കുട്ടികളെ ഒന്നിച്ചിരുത്താനുള്ള ഹാൾ ഇല്ല<br>❖ വായനക്ക് ലൈബ്രറി മുഴുവൻ സമയവും ഉപയോഗിക്കാൻ കഴിയുന്നില്ല.<br>❖ ക്ലാസ്സ് തല ലൈബ്രറിക്ക് സൗകര്യമില്ല.<br>❖ സയൻസ് ലാബ് ഇല്ല.<br>❖ രാസവസ്തുക്കൾ പോലും ക്ലാസ്സിൽ കൊണ്ടു പോയി | | | | |

| | | | | | |
|---|---|---|---|---|---|
| | പരീക്ഷണങ്ങൾ കാണിക്കുമ്പോഴുണ്ടാകുന്ന പ്രയാസം<br>❖ മാനസികാരോഗ്യം ലക്ഷ്യം വെച്ചുകൊണ്ടുള്ള പ്രവർത്തനങ്ങൾക്ക് കൗൺസിലിംങ് റൂം സ്ഥല പരിമിതി ഉണ്ട്.<br>❖ ഗ്രൂപ്പ് കൗൺസിലിംഗ് സാധ്യമാകുന്നില്ല<br>❖ കുട്ടികളെ നേരിട്ട് പങ്കെടുപ്പിച്ച് പരീക്ഷണം ചെയ്യിക്കാൻ കഴിയുന്നില്ല.<br>❖ കുട്ടികളുടെ എണ്ണത്തിന് അനുസരിച്ചുള്ള മൂത്രപ്പുര ഇല്ല. | | | | |

# പരിഹാരങ്ങൾ

- ക്ലാസ്സ് റൂം ലാബ് തുടങ്ങിയവയ്ക്ക് മുറികൾ ലഭ്യമാകുന്ന വിധത്തിൽ നിർമ്മാണ പ്രവർത്തനങ്ങൾ നടത്തുക

- ഓഫീസ് സ്ഥിതിചെയ്യുന്ന കെട്ടിടത്തിന്റെ മുകളിൽ ഒരു നില കൂടി പണിയുകയോ മറ്റ് ഇടങ്ങൾ കണ്ടെത്തി നിർമ്മാണം നടത്തുകയോ ചെയ്യാതെ ഇത്തരം പ്രശ്നങ്ങൾക്ക് ശാശ്വത  മാർഗ്ഗം ഇല്ലാ എന്ന് അറിയിക്കുന്നു.

- പഠനോപകരണങ്ങളും മറ്റും ലഭ്യമാക്കാൻ ആവശ്യമായ ഫണ്ടുകൾ കണ്ടെത്തി വിതരണം ചെയ്യുക

- ലൈബ്രേറിയനെ നിയമിക്കുക വഴി കുട്ടികളുടെ വായനയെ പരിപോഷിപ്പിക്കാം

# അക്കാദമിക മാസ്റ്റർ പ്ലാൻ - മാതൃഭാഷ

| ക്രമ നം | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | പിന്തുണ സാമ്പത്തികം |
|---|---|---|---|---|---|
| 1 | ഭാഷാപരമായ പിന്നോക്കാവസ്ഥ പരിഹരിക്കൽ | ❖ പ്രീ ടെസ്റ്റ്<br>❖ അക്ഷരങ്ങളും ചിഹ്നങ്ങളും ഉറപ്പിക്കൽ<br>❖ കേട്ടെഴുത്ത്,അക്ഷര കേളി,ഭാഷാകേളി,ചിത്ര-കഥ എഴുതൽ | ജൂൺ ജൂലൈ | ഭാഷാധ്യാപകൻ | പി.ടി.എ,എസ്.ആർ.ജി |
| 2 | കുട്ടിയുടെ വായനാ ശേഷി വർധിപ്പിക്കൽ | ❖ ക്ലാസ്സ് ലൈബ്രറി,ആസ്വാധനക്കുറിപ്പ് തയ്യാറാക്കൽ,എഴുത്ത്കാരെ പരിചയപ്പെടൽ,വായനക്കുറിപ്പ്,ചുമർ പത്രിക ഒരുക്കൽ,വായനക്കൂട്ടം,ഡയറി എഴുത്ത്,ദിനാചരണങ്ങൾ | ഒരു വർഷം | ഭാഷാധ്യാപകർ,ലൈബ്രേറിയൻ,വിദ്യാരംഗം | പി.ടി.എ,എസ്.ആർ.ജി,എസ്.എം.സി |
| 3 | കുട്ടിയെ മികച്ച എഴുത്തുകാരൻ ആക്കുക | ❖ സാഹിത്യ മത്സരങ്ങൾ സംഘടിപ്പിക്കുക,രചനാ ശില്പശാല – കഥ,കവിത ക്യാമ്പ്,എഴുത്തുകാരുടെ മികച്ച കൃതികൾ പരിചയപ്പെടൽ,വ്യക്തിഗത രചന,സംഘ രചന,ഡയറി എഴുത്ത്. | ഒരു വർഷം | ഭാഷാധ്യാപകർ,ലൈബ്രേറിയൻ,വിദ്യാരംഗം | പി.ടി.എ,എസ്.എം.സി<br>രൂപ 10000/- |
| 4 | സർഗശേഷി കണ്ടെത്തലും വികസിപ്പിക്കലും | ❖ വിദ്യാരംഗം,വീഡിയോ പ്രദർശനം,കഥ,കവിത ക്യാമ്പ് | ഒരു വർഷം | ഭാഷാധ്യാപകർ,വിദ്യാരംഗം,പി.ടി.എ | പി.ടി.എ,എസ്.ആർ.ജി |
| 5 | സ്കൂൾ ഗ്രന്ഥ ശാല | ❖ ക്ലാസ്സ് ലൈബ്രറി രൂപീകരണം | ഒരു | ഭാഷാധ്യാപകർ,ലൈബ്രേറിയൻ,വിദ്യാരം | പി.ടി.എ,എസ്.ആർ.ജി |

| | | | | | |
|---|---|---|---|---|---|
| | ശാക്തീ<br>കരണം. | ❖ സ്കൂൾ ലൈബ്രറി നവീകരണവും വിപുലപ്പെടുത്തലും<br>❖ വായനാ മുറി<br>❖ രക്ഷിതാക്കളുടെ വായന വളർത്താനുള്ള പ്രവർത്തനം | വർഷം | ഗം | രൂപ.50000/- |
| 6 | കലാപരമായ കഴിവുകൾ പരിപോഷിപ്പിക്കൽ ഒരു സാഹിത്യ രൂപത്തെ മറ്റൊരു രൂപത്തിലേക്ക് മാറ്റാനുള്ള ശേഷി | നാടകക്കളരി,പാഠഭാഗംമുൾപ്പെടെയുള്ള നാടകീകരണം,ഐ.സി.ടി സംവിധാനങ്ങളിലൂടെ വിവിധ നാടകങ്ങൾ വീക്ഷിക്കൽ,നാടൻ പാട്ട്, കലാരൂപങ്ങൾ പരിചയപ്പെടുത്തൽ | ഒരു വർഷം | ഭാഷാധ്യാപകൻ,ആർട്സ്-മ്യൂസിക് അധ്യാപകർ | എസ്.എം.സി,പി.ടി.എ |
| 7 | രചനകൾ,ആശയങ്ങൾ എന്നിവ വിവിധ മാധ്യമങ്ങളിലൂടെ പ്രകടിപ്പിക്കുന്നതിന് അവസരമൊരുക്കുക | രചനകൾ പ്രസിദ്ധീകരിക്കാൻ മാഗസിൻ,റേഡിയോ,ക്ലബ്,വ്ലോഗ് എന്നിവ ഉപയോഗപ്പെടുത്തൽ,പത്ര ക്വിസ്സ് | ഒരു വർഷം | റേഡിയോ,എസ്.ഐ,ടി.സി,ക്ലബ് ടീച്ചേർസ് | |
| 8 | സദസ്സിനെ അഭിമുഖീകരിക്കാൻ പ്രാപ്തരാക്കുക | പ്രസംഗ പരിശീലന കളരി വിവിധ വിഷയങ്ങൾ നൽകി പ്രസംഗം തയ്യാറാക്കുക,മികച്ച പ്രസംഗ ഓഡിയോ വീഡിയോ വേദി ഒരുക്കുക. | 6 മാസം | അധ്യാപകർ, ഓഡിയോ വീഡിയോ | |

- അക്കാദമിക പ്ലാൻ - Malayalam [1]

| Sl.No | Programme | Activity | Duration | ഭൗതികം | പിന്തുണ |
|---|---|---|---|---|---|
| 1. | ഭാഷാപരമായ പിന്നാക്കാവസ്ഥ പരിഹരിക്കൽ (മലയാളത്തിളക്കം) | 1. Pre-test (2-6-17) | 2 months | പുസ്തകങ്ങൾ | BRC |
| | | 2. അക്ഷരം ഉറപ്പിക്കൽ | Aug-Sept | | DIET |
| | | 3. അടയാളം ഉറപ്പിക്കൽ | | | SCERT |
| | | 4. അക്ഷരകാർഡ് നൽകൽ | | C.D | P.T.A |
| | | 5. വാക്കുകൾ എഴുതിയ കാർഡ് | | | |
| | | 6. വാക്കുകൾ നിർമ്മിക്കുക | | | |
| | | 7. വാക്യങ്ങൾ നിർമ്മിക്കൽ | | | |
| | | 8. ചിത്രം - അടിക്കുറിപ്പ് | | | |

| | | | | | |
|---|---|---|---|---|---|
| | | 9. ചിത്രം - കഥപറയൽ | | | |
| | | 10. ചിത്രം കഥ എഴുതൽ | | | |
| | | 11.കമ ബാക്കി എഴുതൽ | | | |
| | | 12. കഥാപുസ്തകം നൽകൽ | | | |
| | | 13. C.D-ൽ ഒരു ചിത്രം നൽകി വാക്യങ്ങൾ എഴുതൽ | | | |
| | | 14. ഭാഷാപരമായ പിന്നാക്കം നിൽക്കുന്നവർക്ക് പ്രത്യേകം ക്ലാസ് | | | BRC IED Trainer<br>P.TA |

- The following table: ³

| SL.No | Programme | Activity | Duration | ഭൗതികം | പിന്തുണ |
|---|---|---|---|---|---|
| 2. | കുട്ടിയെ മികച്ച വായനക്കാര-നാക്കുക (വായനക്കൂട്ടം) | 1. ക്ലാസ് വായനക്കൂട്ടം രൂപീകരിക്കൽ | 6 months | ക്ലാസ് | BRC |
| | | 2. വായനമൂല, ക്ലാസ് ലൈബ്രറി രൂപീകരിക്കൽ | | | DIET |

| | | | | | |
|---|---|---|---|---|---|
| | | 3. സ്കൂൾ ലൈബ്രറി നവീകരിക്കൽ | | സ്കൂൾ ലൈബ്രറി | SCERT |
| | | 4. സമീപ ഗ്രന്ഥശാല | | ഗ്രന്ഥശാല | ഗ്രന്ഥശാല |
| | | 5. വായനോത്സവം സംഘടിപ്പിക്കൽ | | പത്രങ്ങൾ | P.T.A |
| | | 6. പത്രവായന | | | |
| | | 7. അമ്മ വായന | | ആനുകാലിക | |
| | | 8. പുസ്തകചർച്ച | | പ്രസിദ്ധീകര | |
| | | 9. വായനാനുഭവം പങ്കുവയ്ക്കൽ | | ണങ്ങൾ | |
| | | 10. വായനാക്കുറിപ്പ് പതിപ്പ് | | വായനാമുറി | |
| | | 11. വിദ്യാരംഗം കലാ-സാഹിത്യ വേദി പ്രവർത്തനം ക്ലാസ് സഭ | | | |
| | | 12. സ്കൂൾ സഭ, ബാലസഭ | | | |
| | | 13. ദിനാചരണങ്ങൾ | | | |

| | | | | | |
|---|---|---|---|---|---|
| | | 14. ആകാശവാണി ക്ലബ്ബ് | | | |
| | | 15. സാഹിത്യകാരന്മാരുമായുള്ള അഭിമുഖം | | | |
| | | 16. ആനുകാലിക പ്രസിദ്ധീകരണങ്ങളും വായനയും | | | BRC |
| | | 17. ആസ്വാദകരമായ വായന | | | |
| | | 18. വായനാസാമഗ്രികൾ വികസിപ്പിക്കൽ | | | |
| | | 19. ഇ-വായന | | ഇന്റർനെറ്റ് | |
| | | 20. പുസ്തകം ഒരുക്കൽ (UP വായന | | കമ്പ്യൂട്ടർ | |
| | | 21. വായനക്കൂട്ടം-മോണിറ്ററിംഗ് | | | |
| | | 22. കാവ്യക്കൂട്ടം | | | |

| Sl.No | Programme | Activity | Duration | ഭൗതികം | പിന്തുണ |
|---|---|---|---|---|---|
| 3. | കുട്ടിയെ മികച്ച എഴുത്തുകാര-നാക്കുക (എഴുത്തുക്കൂട്ടം) | 1. എഴുത്തുകൂട്ട രൂപീകരണം | 6 months | | |
| | | 2. പുസ്തകചർച്ച | | | |
| | | 3. ക്ലാസ് ലൈബ്രറി | | ലൈബ്രറി | |
| | | 4. വായനക്കുറിപ്പ് പതിപ്പ് | | | BRC |
| | | 5. സഞ്ചരിക്കുന്ന ആസ്വാദനക്കുറിപ്പ് പുസ്തകം | | | DIET |
| | | 6. വിവിധ സാഹിത്യ ശാഖകൾ പരിചയ-പ്പെടൽ | | | |
| | | 7. ഇൻലന്റ് മാഗസിൻ, ചുമർപത്രിക, പതിപ്പ് തയ്യാറാക്കൽ | | | SCERT P.T.A |
| | | 8. സർഗ്ഗ സൃഷ്ടികളുടെ പുസ്തകം തയ്യാറാക്കൽ | | പുസ്തകങ്ങൾ | |
| | | 9. എഴുത്തുകൂട്ടം മോണിറ്ററിംഗ് | | | |

| | | | | | |
|---|---|---|---|---|---|
| | | 10. വായനാക്കുറിപ്പ്, ആസ്വാദനക്കുറിപ്പ് | | | |
| | | 11. ബാലസഭ | | | |
| | | 12. പൊതുവേദികളിൽ സംസാരിക്കാനുള്ള കഴിവ് | | | |
| | | 13. വ്യക്തിഗത രചന സംഘ രചന | | | |
| | | 14. ഭാഷാ പ്രോജക്ട് | | | |
| | | 15. സാഹിത്യകാന്മാരുമായുള്ള സംവാദം, അഭിമുഖം | | | |
| | | 16. രചയിതാക്കളെ പരിചയപ്പെടൽ | | ജീവചരിത്ര പുസ്തകങ്ങൾ | BRC |
| | | 17. സാഹിത്യ സാംസ്കാരിക ചിത്രഗ്യാലറി | | Auditorium ഫോട്ടോകൾ പുസ്തകങ്ങൾ | ഗ്രന്ഥശാല ജനപ്രതിനിധി P.T.A Teachers |

- Project Malayalam [5]

ഭാഷാപരമായ പിന്നാക്കാവസ്ഥ പരിഹരിക്കൽ (മലയാളത്തിളക്കം) മികച്ചവായനക്കാരൻ (വായനക്കൂട്ടം) മികച്ച എഴുത്തുകാരൻ (എഴുത്തുകൂട്ടം) [6]

വായിച്ചുവളരുക, ചിന്തിച്ച് വിവേകം നേടുക എന്ന മഹത് വചനത്തിന് വേണ്ടി വിദ്യാർത്ഥി സമൂഹത്തെ വായനയുടെയും എഴുത്തിൻ്റെയും പാതയിലേക്ക് നയിക്കാൻ ഒരു മഹത് സംരംഭം വിദ്യാലയത്തിലെ മുഴുവൻ വിദ്യാർത്ഥികളെയും മികച്ച വായനക്കാരനാക്കുക ഒപ്പം മികച്ച എഴുത്തുകാരനാക്കുക. [7]

ഈ ലക്ഷ്യം നേടുന്നതിനായി പിന്നാക്കം നിൽക്കുന്നവരെ കൂടി മുൻധാരയിലെത്തിച്ച് വായനയും എഴുത്തും ഒരു നവ്യാനുഭവമാക്കി വിദ്യാലയത്തെ ഒരു സർഗ്ഗ പ്രപഞ്ചമാക്കി മാറ്റുവാനുള്ള നൂതന സംരംഭം. [8]

2017-18 അധ്യയന വർഷം മൈലക്കാട് UPS BRC-യുടെയും DIETന്റെയും SCERTയുടെയും സഹകരണത്തോടെ ഏറ്റെടുക്കുന്ന ഒരു പ്രോജക്ട്. [9]

ലക്ഷ്യങ്ങൾ [10]

എല്ലാവർക്കും എഴുത്തും വായനയും. [11]

- വായനക്കൂട്ടം, എഴുത്ത് കൂട്ടം [12]

  അമ്മ വായന [13]

- ക്ലാസ് ലൈബ്രറി, സ്കൂൾ ലൈബ്രറി [14]
  ഗ്രന്ഥശാല അംഗത്വം [15]

- ക്ലാസ് സഭ, സ്കൂൾ സഭ, ബാലസഭ [16]

- വായനയുടെ വിവിധ തലങ്ങൾ പരിചയപ്പെടൽ [17]

  മലയാളത്തിലെ വിവിധ സാഹിത്യ ശാഖകൾ പരിചയപ്പെടൽ [18]

ആസ്വാദ്യകരമായ വായനയിൽ വൈദഗ്ധ്യം നേടുക [19]

- വായനാ സാമാഗ്രികൾ കണ്ടെത്തുക, വികസിപ്പിക്കുക [20]
  വായനയും എഴുത്തും വികസിപ്പിക്കുന്നതിനുള്ള തന്ത്രങ്ങൾ വികസിപ്പിക്കുക [21]
  ദിനാചരണങ്ങളുമായി ബന്ധപ്പെട്ട് വായനയുടെയും എഴുത്തിന്റെയും സാധ്യത കണ്ടെത്തുക [22]

  എഴുത്തിന്റെ വിവിധ തലങ്ങൾ പരിചയപ്പെടുക [23]

- ഇൻലന്റ് മാഗസിൻ, ചുമർ മാഗസിൻ എന്നിവയുടെ വായന, എഴുത്ത് എന്നിവ പരിപോഷിപ്പിക്കുക [24]
  സാഹിത്യകാരന്മാരുമായുള്ള സംവാദം, അഭിമുഖം എന്നിവ സംഘടിപ്പിക്കൽ [25]
  ഭാഷയുമായി ബന്ധപ്പെട്ട CD, ICT സാധ്യത എന്നിവ സജ്ജീകരിക്കൽ [26]

  പ്രവർത്തനങ്ങൾ [27]

  1. മലയാളത്തിളക്കം (Pre-test) 02-06-17 [28282828]

  പ്രീ-ടെസ്റ്റ് നടത്തുന്നു. പിന്നാക്കക്കാരേ കണ്ടെത്തി. [29]

  2. അക്ഷരം ഉറപ്പിക്കൽ (1 month) [30303030]

  ചിത്രങ്ങളിലൂടെ മലയാള അക്ഷരങ്ങൾ ഉറപ്പിക്കുന്നു. [31]

- 3. അടയാളങ്ങൾ ഉറപ്പിക്കൽ [32323232]

  ചിത്ര സഹായത്താൽ അടയാളങ്ങൾ ചിഹ്നങ്ങൾ എന്നിവ ഉറപ്പിക്കൽ [33]

4. അക്ഷരകാർഡ്, വാക്കുകൾ എഴുതിയ കാർഡ് [34343434]

- അക്ഷരകാർഡിലൂടെ വാക്കുകൾ രൂപീകരിക്കൽ, വാക്കുകളിലൂടെ വാക്യങ്ങൾ രൂപീകരിക്കൽ [35]

ചിത്രം - അടിക്കുറിപ്പ് [36]

5. ചിത്രം നൽകൽ, അടിക്കുറിപ്പ് പറയിപ്പിക്കൽ - അധ്യാപികയുടെ സഹായത്തോടെ എഴുതൽ [373737]

- കഥ - ബാക്കി പറയൽ - എഴുതൽ [38]

ഒരു കഥയുടെ കുറച്ച് ഭാഗം നൽകുന്ന ബാക്കി പറയിപ്പിക്കുന്നു. എഴുതുന്നു [39393939]

7. കഥാപുസ്തകം - നൽകൽ [40]

8. വായന, കുറിപ്പ് തയ്യാറാക്കൽ [41414141]

9. CD പ്രദർശനം [42424242]

- ചിത്രങ്ങൾ അടങ്ങിയ CD പ്രദർശിപ്പിക്കുന്നു. ഓരോ ചിത്രത്തെയും കുറിച്ച് പറയാനവസരം എഴുതാനവസരം. [43]

ഭിന്നശേഷിക്കാരേ പരിഗണിക്കൽ [44]

ഭിന്നശേഷിക്കാർക്കായി പ്രത്യേകം പ്രവർത്തന പാക്കേജ് IED അധ്യാപകരുടെ സേവനം. [45]

10. ക്ലാസ് വായനക്കൂട്ടം രൂപീകരിക്കൽ [46]

- ക്ലാസിലെ മുഴുവൻ കുട്ടികളെയും 5 പേർ അടങ്ങുന്ന group ആക്കുന്നു. എത്ര പുസ്തകം വായിക്കാം, വായനക്കുറിപ്പ് പുസ്തകം എങ്ങനെ തെരഞ്ഞെടുക്കാം (പാഠഭാഗവുമായി ബന്ധപ്പെട്ടവ) ചർച്ച വായനാക്കുറിപ്പ് അസംബ്ലി, ആകാശവാണി ബാലസഭ എന്നിവയിൽ അവതരിപ്പിക്കാനവസരം. [47]

11. ക്ലാസ് ലൈബ്രറി രൂപീകരിക്കൽ [48]

- കുട്ടികളുടെ സഹായത്തോടെ UP വായനയ്ക്ക് സഹായകമായ പുസ്തകങ്ങൾ അടങ്ങുന്ന ഒരു ക്ലാസ് ലൈബ്രറി സജ്ജീകരണം. [49]

- 12. സ്കൂൾ ലൈബ്രറി നവീകരണം [50]

സ്കൂൾ ലൈബ്രറി നവീകരണം. പുസ്തക വിതരണ രജിസ്റ്റർ, കുട്ടി ലൈബ്രറിയൻ, പുസ്തകവിതരണം, പുസ്തകങ്ങൾ വിവിധ തലക്കെട്ടോടെയുള്ള ക്രമീകരണം, ബർത്ത്ഡേ പുസ്തകശേഖരണം. [51]

13. സമീപ ഗ്രന്ഥശാല അംഗത്വം [52]

ഗ്രന്ഥശാലയിൽ അംഗത്വം, പുസ്തക വിതരണം, വായന, എഴുത്ത് പ്രോത്സാഹനം, എന്റെ പുസ്തകം പ്രകാശനം. [53]

14. വായനോത്സവം സംഘടിപ്പിക്കൽ [54]
കുട്ടികളുടെ കൂട്ടായ്മ, യോഗം സംഘടിപ്പിക്കൽ, യോഗത്തിൽ പങ്കെടുത്ത എല്ലാവരും സ്വയം പുസ്തകമായി അനുഭവം പങ്കിടൽ, വായനാക്കുറിപ്പ്, ആസ്വാദനക്കുറിപ്പ് പ്രകാശനം, അധ്യാപകരുടെ പുസ്തകം പരിചയപ്പെടുത്തൽ, വായിച്ച കൃതികളുടെ രംഗാവിഷ്കാരം. [55]

- (പാഠഭാഗവുമായി ബന്ധപ്പെട്ട്) ചൊൽക്കാഴ്ച, നാടകങ്ങൾ എന്നിവയുടെ അവതരണം. [56]

15. പത്രവായന [57575757]

വിവിധ പത്രങ്ങൾ ക്ലാസിൽ ലഭ്യമാക്കൽ പ്രത്രക്വിസ്, വാർത്ത തയ്യാറാക്കൽ, പുതിയ അറിവ് കണ്ടെത്തൽ വായന - എഴുത്ത്. പത്രം തയ്യാറാക്കൽ (പാഠഭാഗവുമായി ബന്ധപ്പെട്ട്) [58]

16. അമ്മ വായന [59]

സ്കൂൾ ലൈബ്രറിയിൽ നിന്ന് അമ്മമാർക്ക് പുസ്തകം തെരഞ്ഞെടുക്കാനാവസരം - വായനാമുറി - വായനാക്കുറിപ്പ് തയ്യാറാക്കൽ - മികച്ച കുറിപ്പ് കണ്ടെത്തൽ - പ്രോത്സാഹനം അമ്മ സാഹിത്യ സമാജം രൂപീകരിക്കൽ, ശിൽപ്പശാല. [60]

- 17. പുസ്തകചർച്ച - വായനാനുഭവം പങ്കുവയ്ക്കൽ [61]

വിദ്യാർത്ഥികൾ, രക്ഷിതാക്കൾ, അധ്യാപകർ, സാഹിത്യകാരന്മാർ എന്നിവർക്ക് സ്വാഗതം. പാഠഭാഗവുമായി ബന്ധപ്പെട്ട് അധിക വായനയ്ക്ക് നൽകിയ പുസ്തകങ്ങൾ പരിചയപ്പെടുത്തൽ, സന്ദേശം, കഥാപാത്രനിരൂപണം, സ്വാധീനം, ഇഷ്ടപ്പെടാനുള്ള കാരണം എന്നിവ അവതരിപ്പിക്കൽ. [62]

മാസത്തിൽ ഒരു ദിവസം. [63]

18. വായനാക്കുറിപ്പ് [64]

- ഓരോ പുസ്തകവായനയുടെയും കുറിപ്പ് ശേഖരിക്കുന്നു. ആവശ്യമായ കൂട്ടിചേർക്കൽ നടത്തുന്നു. പതിപ്പ് പ്രകാശനം. [65]

19. വിദ്യാരംഗം കലാസാഹിത്യവേദി പ്രവർത്തനം [66]

വായന, എഴുത്ത് മെച്ചപ്പെടുത്താൻ വേണ്ട പ്രവർത്തനങ്ങൾ ആസൂത്രണം പാഠഭാഗവുമായി ബന്ധപ്പെട്ടവ, സ്വന്തം സൃഷ്ടികൾ എന്നിവ പരിചയപ്പെടുത്താനവസരം - വിവിധ മത്സരങ്ങൾ സംഘടിപ്പിക്കൽ സാഹിത്യകാരന്മാരെ ക്ഷണിക്കൽ. [67]

20. ക്ലാസ്, സ്കൂൾ ബാലസഭകൾ [68]

ഓരോ ക്ലാസിലും സ്കൂളിലും ബാലസഭ രൂപീകരണം, സ്കൂളിൽ യോഗം സംഘടിപ്പിക്കൽ, സൃഷ്ടികൾ പരിചയം, പ്രകാശനം, അവതരണം. [69]

21. വിദ്യാലയത്തിന് പുറത്ത് ബാലസഭകൾ രൂപീകരിക്കൽ [707070]

പൊതുജന പങ്കാളിത്തം, സാഹിത്യകാരന്മാരുടെ സാന്നിധ്യം. [71]

- ദിനാചരണങ്ങൾ [72]
  വായനയും എഴുത്തും പ്രോത്സാഹിപ്പിക്കുന്നതിന് ദിനാചരണങ്ങളുമായി ബന്ധപ്പെട്ട് നിരവധി പ്രവർത്തനങ്ങളും മത്സരങ്ങളും സംഘടിപ്പിക്കുന്നു. [73]

22. ആകാശവാണി ക്ലബ്ബ് [74]

കുട്ടികളുടെ സർഗ്ഗവികസനത്തിന് വിവിധ പരിപാടികൾ ഉൾക്കൊള്ളിച്ച് കൊണ്ട് ആകാശവാണി ക്ലബ്ബ് നടത്തുന്നു. മികച്ച പ്രകടനക്കാരേ, ക്ലാസ്സുകാരേ കണ്ടെത്തൽ, പ്രോത്സാഹനം. [75]

23. സാഹിത്യകാരന്മാരുമായുള്ള സംവാദം, അഭിമുഖം [76]

സാഹിത്യവാസന മെച്ചപ്പെടുത്താൻ, കൃതികളെ ആഴത്തിലറിയാൻ, പുസ്തക രചനാ തന്ത്രങ്ങളറിയാൻ, കഥ, കവിത രൂപീകരണം മനസിലാക്കാൻ, ഇത്തരം പ്രവർത്തനങ്ങളുടെ ആസൂത്രണം. [77]

- 24. ആനുകാലിക പ്രസിദ്ധീകരണങ്ങളും വായനയും [78]

ക്ലാസ് മുറിയിൽ, സ്കൂളിൽ ധാരാളം ആനുകാലിക പ്രസിദ്ധീകരണങ്ങളുടെ ലഭ്യത, വായന പ്രോത്സാഹിപ്പിക്കുന്നതായി വിവിധ പ്രവർത്തനം, മത്സരങ്ങൾ. [79]

25. വായനാസാമഗ്രികൾ വികസിപ്പിക്കൽ [80]

UP കുട്ടികൾക്കായുള്ള വായനാസാമഗ്രികൾ ശേഖരിക്കൽ, കുട്ടികളുടെയും രക്ഷിതാക്കളുടെയും പ്രാദേശിക എഴുത്തുകാരുടെയും അധ്യാപകരുടെയും പങ്കാളിത്തമുള്ള രചനാശില്പശാല സംഘടിപ്പിക്കൽ, രചനകൾ സ്പൈറൽ ബൈൻഡ് ചെയ്ത് ഉപയോഗിക്കൽ. [81]

26. ഇ-വായന - സാധ്യത കണ്ടെത്തൽ [82]

വിക്കിപീഡിയ പരിചയപ്പെടുത്തൽ, നെറ്റിൽ നിന്നും വിവരം ശേഖരിക്കാനുള്ള നൈപുണി, വായനാക്കൂട്ടത്തിന്റെയും എഴുത്തുകൂട്ടത്തിന്റെയും നേതൃത്വത്തിൽ ബ്ലോഗ് രൂപീകരണം 'ഇ' പേപ്പറുകൾ പരിചയപ്പെടുത്തൽ വിവിധ കൃതികൾ, കവിത, എന്നിവ വീഡിയോ കാണൽ. [83]

27. വായനാക്കൂട്ടം, എഴുത്തുകൂട്ടം - മോണിറ്ററിംഗ് [84]
അധ്യാപകർ, കുട്ടി പ്രതിനിധി രക്ഷിതാക്കൾ, പ്രാദേശിക സാഹിത്യകാരന്മാർ BRC, DIET അധ്യാപകർ, മറ്റ് സ്കൂളിലെ അധ്യാപകർ, എന്നിവരുടെ സേവനം. [85]

28. കാവ്യകൂട്ടം [86]

- കുട്ടികളുടെ കവിതകൾ, അധ്യാപകരുടെ കവിതകൾ, രക്ഷിതാക്കളുടെ കവിതകൾ, സമൂഹത്തിലെ വ്യക്തികൾ, പ്രാദേശിക സാഹിത്യകാരൻ, കവികൾ മുതലായവരെ സംഘടിപ്പിച്ച് കാവ്യകൂട്ടം സംഘടിപ്പിക്കുന്നു. (BRCയുടെ സഹായത്തോടെ) [87]

29. എഴുത്തുകൂട്ട രൂപീകരണം [88]

- കുട്ടികളെ 5 വീതം എഴുത്ത് കൂട്ടങ്ങളാക്കുന്നു. വ്യക്തിഗത രചന, സംഘരചന എന്നിവ സംഘടിപ്പിക്കുന്നു. എഴുത്ത് ഏത് സാഹിത്യ വിഭാഗത്തിൽ, മോണിറ്ററിംഗ് എന്നിവ ചർച്ച ചെയ്യുന്നു. [89]

- 30. സഞ്ചരിക്കുന്ന ആസ്വാദനക്കുറിപ്പ് പുസ്തകം [90]
  ഓരോ ദിവസവും ഓരോ കുട്ടി എഴുതണം. വീട്ടിലുള്ള ആരെങ്കിലും ഒരാൾ പുസ്തകത്തെക്കുറിച്ച് അഭിപ്രായം രേഖപ്പെടുത്തണം. [91]

കൈമാറി, കൈമാറി എല്ലാവരുടെയും രചനകളാകുമ്പോൾ അധ്യാപകരുടെ ആസ്വാദനക്കുറിപ്പും വിലയിരുത്തൽ കുറിപ്പും വീണ്ടും പ്രയാണം. [92]

31. വിവിധ സാഹിത്യ ശാഖകൾ പരിചയപ്പെടൽ [93]
മലയാള സാഹിത്യത്തിലെ വിവിധ സാഹിത്യ ശാഖകൾ പരിചയപ്പെടുത്തൽ, വിവിധ ശാഖകൾ തലക്കെട്ടോടെ ലൈബ്രറി പുസ്തകം list ചെയ്യൽ, വിവിധ മേഖലയിലുള്ള സൃഷ്ടി പരിചയപ്പെടൽ, വിവിധ മേഖലയിൽ സാഹിത്യ സൃഷ്ടി നടത്തൽ, വിവിധ സാഹിത്യ മേഖലകളിലുള്ള വ്യക്തികളുടെ ആഗമനം സംവാദം, അഭിമുഖം. [94]

32. ഇൻലന്റ് മാഗസിൻ, ചുമർ പത്രിക, പതിപ്പ് [95]
സർഗ്ഗശേഷി പരിപോഷിപ്പിക്കൽ ക്ലാസ് തലത്തിൽ ഇൻലന്റ് മാഗസിൻ, ചുമർ പത്രിക, പതിപ്പുകൾ തയ്യാറാക്കൽ, പ്രകാശനം. [96]

33. വായനാക്കുറിപ്പ്, ആസ്വാദനക്കുറിപ്പ് തയ്യാറാക്കൽ [97]
പഠനപ്രവർത്തനങ്ങളുമായും വായിച്ച പുസ്തകങ്ങളുമായി ബന്ധപ്പെട്ട വായനാക്കുറിപ്പും ആസ്വാദനക്കുറിപ്പും തയ്യാറാക്കൽ - പതിപ്പ് - പ്രകാശനം. [98]

34. പൊതുവേദിയിലെ പ്രകടനങ്ങൾ [99]

കുട്ടികളിലെ ഭയം, സഭാകമ്പം എന്നിവ മാറ്റിയെടുക്കാൻ അസംബ്ലി, റേഡിയോ ക്ലബ്ബ്, സർഗവേള, ബാലസഭ എന്നിവ സംഘടിപ്പിക്കുന്നു. അവസരം നൽകുന്നു. സ്വന്തം സൃഷ്ടികൾ അവതരിപ്പിക്കാനവസരം. യോഗങ്ങൾ സംഘടിപ്പിക്കൽ. [100]

- 35. വ്യക്തിഗത രചന, സംഘരചന [101]

കുട്ടികളുടെ സർഗ്ഗശേഷി വർദ്ധിപ്പിക്കാൻ നിരവധി രചനാ മത്സരങ്ങൾ സംഘടിപ്പിക്കുന്നു. വിലയിരുത്തൽ, പുസ്തകം തയ്യാറാക്കൽ. [102]

36. ഭാഷാ പ്രോജക്ടുകൾ [103]

ഭാഷയെ കൂടുതൽ മനസിലാക്കാനും ആഴത്തിലുള്ള വായനക്കുമായി ഭാഷയുടെ വിവിധ പ്രോജക്ടുകൾ ചെയ്യുന്നു. (പാഠപുസ്തകവുമായി ബന്ധപ്പെട്ടത്) [104]
37. രചയിതാക്കളെ പരിചയപ്പെടൽ [105]

അസംബ്ലിയിൽ ഒരു ഇനമാകണം. കൃതികൾ സംഭാവന, സവിശേഷത ഇവ പരിചയപ്പെടുത്തണം. രചയിതാവിന്റെ ചിത്രം പ്രദർശിപ്പിക്കൽ, പരിചയപ്പെടുത്തൽ കുറിപ്പുകൾ, കുറിപ്പുകൾ ശേഖരിച്ച് പതിപ്പ്, പവർ പോയിന്റ് അവതരണം. [106]

രചയിതാക്കളുടെ ജനന മരണ ദിനാചരണവുമായി ബന്ധപ്പെടുത്തി (പ്രതിമാസം) ജൂലൈ - ബഷീർ, ആഗസ്റ്റ് എസ്.കെ.പൊറ്റക്കാട്. [107]

- 38. ഭിന്നശേഷിക്കാർക്കായുള്ള പ്രവർത്തനങ്ങൾ [108]

  BRC, IED, Teachers എന്നിവരുടെ സഹായത്തോടെ ഭിന്നശേഷിക്കാർക്കായുള്ള പ്രവർത്തനം ആസൂത്രണം, നടപ്പിലാക്കാൻ പ്രോത്സാഹനം. പ്രഗത്ഭരുടെ സേവനം. [109]

39. സാഹിത്യ സാംസ്കാരിക ചിത്രഗ്യാലറി [110]

സാഹിത്യകാരന്മാരുടെ ചിത്രങ്ങൾ പുസ്തകങ്ങൾ, മഹത് വചനങ്ങൾ, ജീവചരിത്രകുറിപ്പുകൾ, ആസ്വാദനകുറിപ്പുകൾ, കവിതകൾ എന്നിവ പ്രദർശിപ്പിക്കൽ, ആർട്ട് ഗ്യാലറികൾ സന്ദർശിക്കൽ. [111]

സോഷ്യൽ സയൻസ് ക്ലബ്ബുകൾക്ക് കുട്ടികളിൽ സാമൂഹിക അവബോധവും പൗരബോധവും വളർത്തുന്നതിൽ വലിയ പങ്കുണ്ട്. ഒരു സോഷ്യൽ സയൻസ് ക്ലബ്ബിന്റെ പ്രധാന ലക്ഷ്യങ്ങൾ താഴെക്കൊടുക്കുന്നു:

# അക്കാദമിക മാസ്റ്റർ പ്ലാൻ ഇംഗ്ലീഷ്

| ക്രമ നം | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | പിന്തുണണ/സാമ്പത്തികം |
|---|---|---|---|---|---|
| 1 | ഇംഗ്ലീഷ് ഭാഷ തെറ്റില്ലാതെ എഴുതാനും വായിക്കാനുമുള്ള ശേഷി വളർത്തിഎടുക്കുക | ❖ ഇംഗ്ലീഷ് ഭാഷയിലെ പ്രവീണ്യം മനസ്സിലാക്കാനുള്ള പരിശോധന<br>❖ ക്ലാസ്സ്മുറികളിൽ ഇംഗ്ലീഷിൽ സംസാരിക്കൽ<br>❖ എല്ലാ ദിവസവും ഡയറി ഇംഗ്ലീഷിൽ എഴുതുന്നതിനുള്ള ശ്രമം പരിപോഷിപ്പിക്കൽ<br>❖ എല്ലാ ക്ലാസ്സിലും ഇംഗ്ലീഷ് പത്രം<br>❖ ഇംഗ്ലീഷിൽ വാർത്താവയന | വർഷം മുവുവനും | ഇംഗ്ലീഷ് അധ്യാപകർ | രക്ഷിതാവ്,എസ്.ആർ.ജി |
| 2 | ഇംഗ്ലീഷ് അസംബ്ലി | ❖ മാസത്തിൽ രണ്ട് തവണ അസംബ്ലി നടപടികൾ ഇംഗ്ലീഷിൽ Prayer,Pledge,Speech etc<br>❖ ഓരോ ക്ലാസ്സിൽ ആസൂത്രണവും പരിശീലനവും | വർഷം മുഴുവൻ | ക്ലാസ്സ് തല ഇംഗ്ലീഷ് ക്ലബ് | ഇംഗ്ലീഷ് അധ്യാപകർ |
| 3 | ഇംഗ്ലീഷ് റേഡിയോ ക്ലബ് | ❖ ഇംഗ്ലീഷ് ക്ലബിന്റെ നേതൃത്വത്തിൽ വെള്ളിയാഴ്ച വിവിധ പരിപാടികൾ | | | |
| 4 | സർഗശേഷി വികസനം | ❖ പ്രസംഗ പരിശീലനം<br>❖ കലോത്സവ ഇനങ്ങൾക്ക് പരിശീലനം<br>❖ ഇംഗ്ലീഷ് പതിപ്പ് നിർമ്മാണം | | | |

| | | | | | |
|---|---|---|---|---|---|
| 5 | ഇംഗ്ലീഷ് ഫെസ്റ്റ് | ❖ ഇംഗ്ലീഷ് ഭാഷയെ മാധ്യമമാക്കി വർഷത്തിൽ ഒരിക്കൽ സ്കൂൾ പ്രവർത്തനങ്ങളുടെ അവതരണം | വർഷത്തിലൊരിക്കൽ | എസ്.ആർ.ജി | എസ്.ആർ.ജി,പി.ടി.എ |
| 6 | ഇംഗ്ലീഷ് ലൈബ്രറി | ❖ സാധ്യമാവുന്ന തരത്തിൽ ഭാഷയാൽ സമ്പന്നമായ പുസ്തകങ്ങളുടെലൈബ്രറി<br>❖ പുസ്തകവിതരണം | വർഷം മുഴുവൻ | ക്ലാസ്സ് ലൈബ്രേറിയൻ | ക്ലാസ്സ് ടീച്ചേർസ്,ഇംഗ്ലീഷ് ടീച്ചേർസ്,ക്ലബ് മെമ്പേർസ് |
| 7 | | ❖ ഇംഗ്ലീഷ് ലൈബ്രറി നവീകരണം<br>❖ ഇംഗ്ലീഷ് കോർണർ,സ്റ്റോറി ടൈം<br>❖ ഇംഗ്ലീഷ് കാർട്ടൂൺ പ്രദർശനം<br>❖ പാഠങ്ങളിൽ നിന്നുള്ള ആശയങ്ങൾ കണ്ടെത്തി Puppet പ്രദർശനം<br>❖ Skit Day<br>❖ എഴുത്തുകാരെ പരിചയപ്പെടൽ<br>❖ ദൃക്സാക്ഷി വിവരണ മത്സരം<br>❖ പദ്യനിർമ്മാണം<br>❖ കവിത ശില്പശാല | 3 മാസത്തിലൊരിക്കൽ<br>വർഷം മുഴുവൻ<br>മാസത്തിലൊരിക്കൽ<br>മാസത്തിലൊരിക്കൽ<br>മാസത്തിലൊരിക്കൽ<br>മാസത്തിലൊരിക്കൽ<br>മാസത്തിലൊരിക്കൽ<br>മാസത്തിലൊരിക്കൽ<br>മാസത്തിലൊരിക്കൽ | | എസ്,ആർ.ജി,ക്ലാസ്സ് തല എസ്.ആർ.ജി<br>ക്ലബ് |

# അക്കാദമിക് മാസ്റ്റർ പ്ലാൻ ഹിന്ദി

| ക്രമ നം. | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | |
|---|---|---|---|---|---|
| 1 | ❖ അക്ഷരം ചിഹ്നം തുടങ്ങിയവ തിരിച്ചറിയാൻ പരിശീലിപ്പിക്കുന്നു.ഉച്ചാരണം പരിചയപ്പെടുത്തുന്നു.അക്ഷരങ്ങൾ എഴുതാനും വായിക്കാനും കണ്ടെത്താനും പഠിപ്പിക്കുന്നു. | അക്ഷരമാല അടങ്ങിയ കാർഡ് നൽകുന്നു.അക്ഷരങ്ങൾ ഉറക്കെ വായിപ്പിക്കുന്നു.ഓഡിയോ വിഷ്വൽ സഹായത്തോടെ ഉച്ചാരണം കൂടുതലായി പരിചയപ്പെടുത്തുക | ജൂൺ,ജൂലൈ | ഹിന്ദി അധ്യാപകർ | |
| 2 | ❖ ഹിന്ദി അനായാസം എഴുതുവാനും വായിക്കുവാനും പരിശീലിപ്പിക്കുന്നു.വായന പരിശീലനത്തിന് അധിക പ്രാധാന്യം നൽകുന്നു. | കേട്ടെഴുത്ത്,പദസൂര്യൻ,ചിത്രകഥ,കാർട്ടൂൺ,ചെറുകഥ, കവിതകൾ തുടങ്ങിയവ വായനക്കായ് നൽകുന്നു. | ഡിസംബർ ജനുവരി | ഹിന്ദി അധ്യാപകർ | |
| 3 | ഹിന്ദി എഴുതുവാനും വായിക്കുവാനും പിന്നോക്കം നിൽക്കുന്ന കുട്ടികളെ കണ്ടെത്തി കൂടുതൽ പരിശീലനം നൽകുന്നു | വർക്ക് ഷീറ്റുകൾ നൽകുന്നു,ചിത്രങ്ങൾ അടങ്ങിയ പുസ്തകങ്ങൾ വായിക്കുവാൻ നൽകുന്നു. | ജൂൺ,ജൂലൈ | ഹിന്ദി അധ്യാപകർ | |

| | | | | | |
|---|---|---|---|---|---|
| 4 | പോസ്റ്റർ തയ്യാറാക്കുവാനറിയുന്നു.കവിത വായ്ച്ച് ആസ്വാധനക്കുറിപ്പ് തയ്യാറാക്കുവാനറിയുന്നു. | പോസ്റ്ററിന്റെ മോഡൽ നൽകുന്ന വിവിധ വിഷയങ്ങൾ നൽകുന്നു,ക്ലാസ്സിൽ പ്രദർശിപ്പിച്ച് മൂല്യനിർണ്ണയം നടത്തുന്നു ചെറിയ കവിതകൾ നൽകിക്കൊണ്ട് ആസ്വാദനക്കുറിപ്പ് ക്ലാസ്സിൽ തയ്യാറാക്കുന്നു. | ഡിസംബർ ജനുവരി | ഹിന്ദി അധ്യാപകർ | |
| 5 | സ്കൂൾ കലോത്സവത്തിൽ കുട്ടിയുടെ മികച്ച പങ്കാളിത്തം ഉറപ്പ് വരുത്തുന്നു. | പദ്യം ചൊല്ലൽ , കഥ , കവിത,ലേഖന മത്സരങ്ങൾ സംഘടിപ്പിക്കുന്നു. | സപ്തംബർ,ഒക്ടോബർ | ഹിന്ദി അധ്യാപകർ | |
| 6 | ആശയങ്ങൾ വിവിധ തരത്തിൽ ആവിഷ്കരിക്കുന്നു.കഥയെ തിരക്കഥയായി മാറ്റുക,ഡയറി,കുറിപ്പ് തയ്യാറാക്കുവാനറിയുക | പാഠഭാഗങ്ങളിലെ സന്ദർഭങ്ങൾ നൽകുന്നു.കഥാപാത്രങ്ങളെ ആസ്പദമാക്കി ചരിത്രക്കുറിപ്പ് തയ്യാറാക്കാൻ പറയുന്നു.എല്ലാ ദിവസവും ഡയറി എഴുതാനുള്ള നിർദ്ദേശം | നവംബർ ജനുവരി | ഹിന്ദി അധ്യാപകർ | |

# അക്കാദമിക മാസ്റ്റർ പ്ലാൻ സോഷ്യൽ സയൻസ്

| ക്രമ നം | ലക്ഷ്യം | പ്രവർത്തനംങ്ങൾ | കാലം | ചുമതല | പിന്തുണ/സാമ്പത്തികം |
|---|---|---|---|---|---|
| 1 | പഠിതാക്കാളെ ചരിത്ര ബോധം ഉള്ളവരാക്കുക.ചരിത്ര ബോധത്തിൽ നിന്നും ഭാവി രൂപപ്പെടുത്തുക | കാടും മേടും – ചരിത്ര പ്രാധാന്യമുള്ള സ്ഥലങ്ങലിലേക്ക് ഫീൽഡ് ട്രിപ്പ് സംഘടിപ്പിക്കുക | അക്കാദമിക വർഷം മുഴുവൻ | സോഷ്യൽ സയൻസ് അധ്യാപകൻ | സ്കൂൾ അധികൃതർ |
| 2 | ജനാധിപത്യം ഒരു ജീവിത ശൈലിയായി മാറ്റി എടുക്കുക.മൂല്യബോധം പൗരബോധം ഇവ വളർത്തുക | സ്കൂൾ പാർളിമെന്റ്,മോക്ക് പാർലമെന്റ് ,പൗരബോധം,സാമൂഹ്യ സേവനം ഇവയുള്ള പ്രവർത്തനങ്ങൾ നടത്തുന്നു | അക്കാദമിക വർഷം മുഴുവൻ | സോഷ്യൽ സയൻസ് അധ്യാപകൻ | സ്കൂൾ അധികൃതർ,സുമനസ്സുകൾ |
| 3 | മതേതരത്വം,സഹിഷ്ണത എന്നിവ വളർത്തി ക്രിയാത്മക പ്രവർത്തനത്തിലൂടെ വളരുക | സർവ്വേ, പ്രൊജക്ട്, ചർച്ചകൾ,സംവാദം,ക്ലാസ്സുകൾ,അഭിമുഖങ്ങൾ എന്നിവയിലൂടെ കുട്ടികളെ വളർത്തുന്ന പ്രവർത്തനങ്ങൾ നടത്തുന്നു. | അക്കാദമിക വർഷം മുഴുവൻ | സോഷ്യൽ സയൻസ് അധ്യാപകൻ | |
| 4 | കുട്ടികളിൽ ഉന്നത നിലവാരം കൈവരിക്കാൻ ഉതകുന്ന പൊതുവിജ്ഞാനം വളർത്തുക | പൊതുവിജ്ഞാന മേഖല പരിപോഷിപ്പിക്കുന്ന ക്വിസ്സുകൾ ദിനാചരണങ്ങൾ,പ്രശ്നോത്തരി,സംവാദം എന്നിവ സംഘടിപ്പിക്കുക | അക്കാദമിക വർഷം മുഴുവൻ | സോഷ്യൽ സയൻസ് അധ്യാപകൻ | |

സോഷ്യൽ സയൻസ് ക്ലബ്ബുകൾ കുട്ടികളിൽ സാമൂഹിക അവബോധവും പൗരബോധവും വളർത്തുന്നതിൽ വലിയ പങ്കുണ്ട് .ഒരു സോഷ്യൽ സയൻസ് ക്ലബിന്റെ പ്രധാന ലക്ഷ്യങ്ങൾ താഴെക്കൊടുക്കുന്നു.

**<u>സോഷ്യൽ സയൻസ് ക്ലബ്ബിൻ്റെ പ്രധാന ലക്ഷ്യങ്ങൾ</u>**

അറിവ് വർദ്ധിപ്പിക്കുക ; സാമൂഹ്യശാസ്ത്ര വിഷയങ്ങളായ ചരിത്രം, ഭൂമിശാസ്ത്രം, രാഷ്ട്രതന്ത്രം, സാമ്പത്തികശാസ്ത്രം, സാമൂഹ്യശാസ്ത്രം തുടങ്ങിയവയെക്കുറിച്ച് വിദ്യാർത്ഥികൾക്ക് ആഴത്തിലുള്ള അറിവ് നൽകുക. ക്ലാസ് മുറി പഠനത്തിനപ്പുറം പ്രായോഗികമായ അറിവ് നേടുന്നതിന് അവസരമൊരുക്കുക.

ചിന്താശേഷി വളർത്തുക : വിദ്യാർത്ഥികളിൽ വിമർശനാത്മക ചിന്ത, വിശകലന ശേഷി. പ്രശ്നപരിഹാര കഴിവുകൾ എന്നിവ വളർത്തുക. സമൂഹത്തിലെ വിവിധ വിഷയങ്ങളെക്കുറിച്ച് ചർച്ച ചെയ്യാനും സ്വന്തമായ കാഴ്ചപ്പാടുകൾ രൂപീകരിക്കാനും അവരെ പ്രോത്സാഹിപ്പിക്കുക.

ദേശീയോദ്ഗ്രഥനം പ്രോത്സാഹിപ്പിക്കുക : രാജ്യത്തിൻ്റെ ചരിത്രം, സംസ്കാരം, പാരമ്പര്യം എന്നിവയെക്കുറിച്ച് വിദ്യാർത്ഥികൾക്ക് അറിവ് നൽകുകയും, ദേശിയോദ്ഗ്രഥന, രാജ്യസ്നേഹം, സാമൂഹിക ഐക്യം, സാഹോദര്യം തുടങ്ങിയ മൂല്യങ്ങൾ അവരിൽ വളർത്തുകയും ചെയ്യുക

പൗരബോധം വളർത്തുക : ഒരു നല്ല പൗരനാകേണ്ടതിൻ്റെ പ്രാധാന്യം വിദ്യാർത്ഥികളെ പഠിപ്പിക്കുക. ജനാധിപത്യ മൂല്യങ്ങൾ, അവകാശങ്ങൾ, ഉത്തരവദിത്തങ്ങൾ എന്നിവയെക്കുറിച്ച് അവബോധം നൽകുക

ഗവേഷണ താൽപ്പര്യം വളർത്തുക : സാമൂഹ്യശാസ്ത്ര വിഷയങ്ങളിൽ വിദ്യാർത്ഥികൾക്ക് ഗവേഷണ താൽപ്പര്യം വളർത്തുക. ചെറിയ പ്രോജക്റ്റുകൾ, സർവേകൾ എന്നിവയിലൂടെ വിവരങ്ങൾ ശേഖരിക്കാനും വിശകലനം ചെയ്യാനും പഠിപ്പിക്കുക.

സമൂഹവുമായി ബന്ധപ്പെടുത്തുക : സ്കൂളിനെ സമൂഹവുമായി കൂടുതൽ അടുപ്പിക്കാൻ സഹായിക്കുക. സാമൂഹിക പ്രശ്നങ്ങളെക്കുറിച്ച് ചർച്ച ചെയ്യാനും അവയ്ക്ക് പരിഹാരം കാണാനും വിദ്യാർത്ഥികളെ പ്രാപ്തരാക്കുക.

പാഠ്യേതര പ്രവർത്തനങ്ങൾക്ക് ഊന്നൽ:പഠനത്തിനപ്പുറം ക്വിസ്സ് മത്സരങ്ങൾ ,പ്രസംഗ മത്സരങ്ങൾ,പ്രദർശനങ്ങൾ,പ്രൊജറ്റുകൾ,മോക്ക് പാർളിമെന്റ്,ചരിത്രപരമായ സ്ഥലങ്ങളിലേക്കുള്ള പഠനയാത്രകൾ തുടങ്ങിയ വിവിധതരം പ്രവർത്തനങ്ങളിലൂടെ വിഷയങ്ങളിൽ  താൽപ്പര്യം വളർത്തുക.

നേതൃത്വഗുണങ്ങൾ വളർത്തുക : ക്ലബ്ബ് പ്രവർത്തനങ്ങളിലൂടെ വിദ്യാർത്ഥികളിൽ സംഘാടന ശേഷി. നേതൃത്വപാടവം, സഹകരണ മനോഭാവം എന്നിവ വളർത്തുക.

ഈ ലക്ഷ്യങ്ങളിലൂടെ സാമൂഹ്യശാസ്ത്ര ക്ലബ്ബുകൾ വിദ്യാർത്ഥികളെ അറിവുള്ളവരും ഉത്തരവാദിത്തമുള്ളവരുമായ വ്യക്തികളാക്കി മാറ്റാൻ സഹായിക്കുന്നു.

സാമൂഹ്യശാസ്ത്ര ക്ലബ്ബിന്റെ നേതൃത്വത്തിൽ സ്കൂളിൽ നടത്താനുദ്ദേശിക്കുന്ന പ്രവർത്തനങ്ങൾ താഴെ കൊടുക്കുന്നു.

1. ക്വിസ് മത്സരങ്ങൾ

വിഷയം: ഇന്ത്യൻ ഭരണഘടന, ലോക ചരിത്രം, ഭൂഗോളശാസ്ത്രം

ഉദ്ദേശ്യം: അറിവ് വർധിപ്പിക്കൽ, മത്സര മനോഭാവം വളർത്തൽ

2. മാപ്പ് ഡ്രോയിംഗ് മത്സരങ്ങൾ

വിഷയം: ഇന്ത്യൻ സംസ്ഥാനങ്ങൾ, ലോക രാജ്യങ്ങൾ, നദികളും മലകളും

സാഹചര്യം: ദേശീയ ദിനങ്ങളോടനുബന്ധിച്ച്

3. ഡിബേറ്റ് (വാദപ്രതിവാദം)

വിഷയം: "ഗ്ലോബലൈസേഷൻ – അനുഗ്രഹമോ ശാപമോ?", "ജനാധിപത്യം Vs ഏകാധിപത്യം"

ഉദ്ദേശ്യം: വിമർശനാത്മക ചിന്താശേഷി വളർത്തൽ

4. മോക്ക് പാർലമെന്റ്

സാഹചര്യം: സ്കൂൾ ഹാളിൽ, വിദ്യാർത്ഥികൾ മന്ത്രിമാർ, സ്പീക്കർ, പ്രതിപക്ഷം എന്നിവരായി

ലക്ഷ്യം: ജനാധിപത്യ പ്രവർത്തനങ്ങൾ മനസ്സിലാക്കുക

5. പ്രദർശനങ്ങൾ (Exhibitions)

വിഷയം: പഴയ ഭരണകൂട സംവിധാനങ്ങൾ, ചരിത്ര സംഭവങ്ങളുടെ മോഡലുകൾ

വിദ്യാർത്ഥികൾക്ക് ചരിത്ര-സാമൂഹ്യ അറിവ് വർദ്ധിപ്പിക്കാൻ

6. Heritage Walk / Field Trip

ലക്ഷ്യം: പ്രാദേശിക ചരിത്രപൈതൃക കേന്ദ്രങ്ങി സന്ദർശിച്ച് പഠനം

ഉദാഹരണം: കോട്ടകൾ, മ്യൂസിയങ്ങൾ, പുരാതന ക്ഷേത്രങ്ങൾ

7. പോസ്റ്റർ നിർമ്മാണം

വിഷയം: സാമൂഹിക പ്രശ്നങ്ങൾ (ദാരിദ്ര്യം, ബാലവേല, പരിസ്ഥിതി സംരക്ഷണം)

ഫലം: സാമൂഹിക ബോധവൽക്കരണം

8. ഡോക്യുമെന്ററി/ചലച്ചിത്ര പ്രദർശനം

വിഷയം: ഇന്ത്യൻ സ്വാതന്ത്ര്യസമരം, ലോക മഹായുദ്ധങ്ങൾ

ശേഷം: ചർച്ച നടത്തുക

9. പ്രത്യേക ദിനാചരണങ്ങൾ

ഉദാഹരണം: ഇന്ത്യൻ റിപ്പബ്ലിക് ദിനം, ഐക്യരാഷ്ട്ര സംഘടന ദിനം, മനുഷ്യാവകാശ ദിനം

പ്രവർത്തനം: പ്രഭാഷണം, പോസ്റ്റർ പ്രദർശനം, റാലികൾ

10. സോഷ്യൽ സർവീസ് പ്രോഗ്രാം

പ്രവർത്തനം: ശുചിത്വ പ്രവർത്തനങ്ങൾ, കർഷകർക്കുള്ള ബോധവൽക്കരണം

# അക്കാദമിക മാസ്റ്റർ പ്ലാൻ സയൻസ്

| ക്രമ നം | ലക്ഷ്യം | പ്രവർത്തനംങ്ങൾ | കാലം | ചുമതല | പിന്തുണ/സാമ്പത്തികം |
|---|---|---|---|---|---|
| 1 | എല്ലാ കുട്ടികളിലും ശാസ്ത്ര പഠനത്തിലൂടെ മുൻക്ലാസ്സുകളിൽ നേടേണ്ട അടിസ്ഥാനശേഷി ഉണ്ടെന്ന് ഉറപ്പ് വരുത്തുക. | ❖ പ്രീ-ടെസ്റ്റ് ചോദ്യനിർമ്മാണം,ടെസ്റ്റ് മൂല്യനിർണ്ണയം | ജൂൺ | ശാസ്ത്രാധ്യാപകൻ | |
| | ശാസ്ത്രത്തിന്റെ നൂതന അറിവുകളെ അപ്ഡേറ്റ് ചെയ്യലും ശാസ്ത്രീയ മനോഭാവമുളവരാക്കലും | ❖ സയൻസ് ക്ലബ് രൂപീകരണവും വാർഷിക പദ്ധതി തയ്യാറാക്കലും.സയൻസ് ബുള്ളെറ്റിൻ ബോർഡ് തയ്യാറാക്കൽ(യുപി,എച്ച്.എസ് )<br>❖ ശാസ്ത്ര ഉപകരണങ്ങളുടെ പ്രദർശനവും വിശദീകരണവും(എക്സ്പോ-എക്സ്പ്ലോർ) | ജൂൺ<br>യഥാസമയത്തിനുള്ളിൽ | ശാസ്ത്രാധ്യാപകൻ<br>എസ്.ആർ.ജി<br>സയൻസ് ക്ലബ് | |
| 3 | ജീവിത സാഹചര്യങ്ങളിൽ ചുറ്റുപാടുകളിൽ നിന്നും ശാസ്ത്രം തിരിച്ചറിയൽ | ❖ കാർഷിക നഴ്സറി സന്ദർശനം(യു.പി) ആവാസവ്യവസ്ഥകളെ പരിചയപ്പെടൽ പുഴയെ അറിയാൻ,കണ്ടൽക്കാട് നിരീക്ഷണം(കണ്ടറിയാൻ ഒരുയാത്ര) | യഥാസമയത്തിനുള്ളിൽ | യുപി സയൻസ് ടീച്ചേർസ് | |

| | | | | | |
|---|---|---|---|---|---|
| 4 | ശാസ്ത്രലാബ് നവീകരണം | ❖ പാഠഭാഗങ്ങളുമായി ബന്ധപ്പെടുത്തി വിവിധ ഉപകരണങ്ങൾ,മോഡലുകൾ എന്നിവ ക്രമീകരിക്കൽ Mobile Lab Kit തയ്യാറാക്കൽ | ജൂലൈ | ശാസ്ത്രാധ്യാപകർ,സയൻസ് ക്ലബ് | |
| | ശാസ്ത്രം പ്രവർത്തനമാണെന്ന് മനസ്സിലാക്കാനും ശാസ്ത്രാഭിരുചി വളർത്താനും | ❖ സ്കൂൾ ശാസ്ത്രമേള, ശില്പശാല,ശാസ്ത്രക്വിസ്സ് | യഥാസമയത്തിനുള്ളിൽ | | |
| 5 | പ്രയാസമുള്ള ശാസ്ത്രപാഠങ്ങൾ മനസ്സിലാക്കാൻ | ❖ ഭിന്നനിലവാരക്കാർക്കും,ഭിന്നശേഷിക്കാർക്കും പ്രത്യേക വർക്ക് ഷീറ്റുകൾ | യഥാസമയത്തിനുള്ളിൽ | ശാസ്ത്രാധ്യാപകർ,എസ്.ആർ.ജി | |

# അക്കാദമിക മാസ്റ്റർ പ്ലാൻ ഗണിതം

| ക്രമ നം | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | പിന്തുണ/സാമ്പത്തികം |
|---|---|---|---|---|---|
| 1 | എല്ലാ കുട്ടികളിലും ഗണിതശാസ്ത്രത്തിന്റെ അടിസ്ഥാന ആശയങ്ങൾ എത്തി എന്ന് ഉറപ്പ് വരുത്തുക | ❖ പ്രീടെസ്റ്റ് ചോദ്യനിർമ്മാണം,ടെസ്റ്റ്,മൂല്യനിർണ്ണയം<br>❖ പരിഹാര ബോധത്തിനായി പഠനഗ്രൂപ്പിങ്,ആശയധാരണകൾ ഉറപ്പിക്കൽ | ജൂൺ<br>ജൂലൈ | ഗണിതാധ്യാപകൻ | എസ്.ആർ.ജി |
| 2 | ക്ലാസ്സുകളിൽ ഗണിതകോർണർ | ❖ പഠനസാമഗ്രികൾ നിർമ്മിച്ച് ക്ലാസ്സിൽ ഗണിത മൂല ഉണ്ടാക്കുന്നു. | 5 മാസം | ഗണിതാധ്യാപകൻ | പി.ടി.എ<br>നഗരസഭ |
| 3 | മാത്സ് ക്ലബ് സജീവമാക്കൽ | ❖ ഗണിത ക്ലബ് രൂപീകരണം<br>❖ ഗണിത ക്വിസ്സ്<br>❖ ക്ലാസ്സ് തല ഗണിതമാസിക<br>❖ ഗണിത ശാസ്ത്രജ്ഞരെ പരിചയപ്പെടുത്തൽ<br>❖ ഓരോ കുട്ടിക്കും "എന്റെ കുസൃതി കണക്ക് പുസ്തകം" | എല്ലായ്പ്പോഴും | ഗണിത ക്ലബ് | എസ്,ആർ.ജി |
| 4 | മുന്നോക്കക്കാരുടെ ഉന്നമനത്തിന് തുടർപ്രവർത്തനം | ❖ ഒ.എം.ആർ മാതൃകയിലുള്ള | മാസത്തിൽ ഒന്ന് | ഗണിതാധ്യപകൻ | എസ്.ആർ.ജി |

| | | | | | |
|---|---|---|---|---|---|
| | മെച്ചപ്പെടുത്തൽ | | | | |
| 5 | ഗണിത പഠനത്തിൽ താല്പര്യം വർധിപ്പിക്കാൻ | ക്ലാസ്സിലെ ചുവരുകളിൽ ഭിന്നസംഖ്യ,ഗണിതാശയങ്ങൾ,ജ്യാമിതീയ രൂപങ്ങൾ എന്നിവ ചാർട്ടിൽ വരച്ച് പ്രദർശിപ്പിക്കുന്നു. | എല്ലായ്പ്പോഴും | ഗണിത ക്ലബ് | എസ്.ആർ.ജി<br>പി.ടി.എ |
| 6 | എല്ലാ കുട്ടികളിലും സംഖ്യാ ബോധം ഉറപ്പിക്കൽ | നമ്പർ ചാർട്ട്,നമ്പർ കാർഡ്,അബാക്കസ്,മാന്ത്രിക ചതുരം,പ്ലേസ് വാല്യൂ പാക്കറ്റ്,നമ്പർ പാറ്റേൺ എന്നിവയുടെ നിർമ്മാണവും അവ ഉപയോഗിച്ചുള്ള കളികളും | എല്ലായ്പ്പോഴും | ഗണിതാധ്യാപകൻ | പി.ടി.എ |

# അക്കാദമിക മാസ്റ്റർ പ്ലാൻ  ആരോഗ്യ കായിക വിദ്യാഭ്യാസം

| ക്രമ നം | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | പിന്തുണ/സാമ്പത്തികം |
|---|---|---|---|---|---|
| 1 | കായിക പരിശീലനം കാര്യക്ഷമമാക്കി ആരോഗ്യമുള്ള സമൂഹത്തെ വാർത്തെടുക്കൽ | ❖ വൈകുന്നേരങ്ങളിൽ കായിക പരിശീലനങ്ങൾ<br>❖ കായിക ക്ഷമതയും മികവും കണ്ടെത്തുന്നതിനുള്ള വിവിധ മത്സരങ്ങൾ | ദിവസേന | കായികാധ്യാപകൻ | എസ്.ആർ.ജി, പി.ടി.എ<br>രൂപ 10000/- |
| 2 | ഉപജില്ലാ - ജില്ലാ- സംസ്ഥാന ദേശീയ മത്സരങ്ങൾക്കായ് കുട്ടികളെ തയ്യാറാക്കിയെടുക്കൽ | ❖ ഫുട്ബോൾ,ബാഡ്മിന്റൺ,വോളിബോൾ,ചെസ്സ്,അത്ലറ്റിക് ത്രോബോൾ,തുടങ്ങിയ ഗേയിമുകളുടെ പരിശീലനങ്ങൾ<br>❖ തെരഞ്ഞടുക്കപ്പെടുന്നവർക്ക് ഒഴിവ് ദിന പരിശീലനങ്ങൾ<br>❖ ലഘു ഭക്ഷണം നൽകൽ | യഥാ കാലങ്ങളിൽ<br>വെക്കേഷൻ മറ്റ് അവധി ദിനങ്ങളിൽ | കായികാധ്യാപകൻ | പരിശീലകൻ. എസ്.എസ്. എം.സി,പി.ടി. എ<br>രൂപ 20000/- |
| 3 | പെൺകുട്ടികളെ ശാക്തീകരിക്കലും ആത്മവിശ്വാസം വളർത്തലും | ❖ പെൺകുട്ടികൾക്ക് കരാട്ടെ/ജൂഡോ പരിശീലനം ,കളരി പരിശീലനം | ആഴ്ച്ചയിൽ രണ്ട് ദിവസം | ചുമതലയുള്ള അധ്യാപകൻ | പരിശീലകൻ. എസ്.എസ്. എം.സി,പി.ടി. എ,മുനിസിപ്പാലിറ്റി,<br>രൂപ 25000/- |

# അക്കാദമിക മാസ്റ്റർ പ്ലാൻ കല

| ക്രമ നം | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | പിന്തുണ/സാമ്പത്തികം |
|---|---|---|---|---|---|
| 1 | ചിത്രകലാ പരിപോഷണം | ❖ പ്രത്യേക മുറി സജ്ജമാക്കി ഉപകരണങ്ങൾ ഒരിക്കൽ<br>❖ സർഗ്ഗാത്മകത തിരിച്ചറിയൽ<br>❖ പരിശീലനം | ജൂൺ,ജൂലൈ | ആർട്ട് അധ്യാപകൻ | എസ്.ആർ.ജി.<br>എസ്.എം.സി<br>പി.ടി.എ |
| 2 | ചിത്രകലാ പരിശീലന ക്യാമ്പ് | ❖ ചിത്രകലയിൽ താല്പര്യമുള്ളവർക്ക് അവധിക്കാലത്ത് നാല് ദിവസം നീളുന്ന ക്യാമ്പ് | അവധിക്കാലം | ആർട്ട് അധ്യാപകൻ | എസ്.ആർ.ജി.<br>എസ്.എം.സി<br>പി.ടി.എ<br>രൂപ 10000 /- |
| 3 | കേരളാ സ്കൂൾ കലോത്സവം പരിപാടികൾക്കായി കുട്ടികളെ തയ്യാറാക്കൽ | ❖ തെരഞ്ഞെടുക്കപ്പെടുന്നവർക്ക് ഒഴിവ് ദിന പരിശീലനം | ഒഴിവ് ദിനങ്ങൾ | ആർട്ട് അധ്യാപകൻ | എസ്.ആർ.ജി.<br>എസ്.എം.സി<br>പൂർവ്വവിദ്യാർത്ഥികൾ |
| 4 | ചിത്രപ്രദർശനം | ❖ വിദ്യാർത്ഥികൾ രചിച്ച ചിത്രങ്ങൾ പ്രദർശിപ്പിക്കൽ | ജനവരി | ആർട്ട് അധ്യാപകൻ | എസ്.ആർ.ജി.<br>എസ്.എം.സി<br>പി.ടി.എ |

| | | | | | |
|---|---|---|---|---|---|
| | | | | | |

# <u>അക്കാദമിക മാസ്റ്റർ പ്ലാൻ പ്രവൃത്തിപരിചയം</u>

| ക്രമ നം | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | പിന്തുണ/സാമ്പത്തികം |
|---|---|---|---|---|---|
| 1 | ഭാഷാ - മാനവിക - ശാസ്ത്ര പഠനത്തോടൊപ്പം തൊഴിൽ പരിശീലനം പരിചയം നേടി തനിക്കും സമൂഹത്തിനും മുതൽ കൂട്ടാവുക | ❖ ഉപകരണങ്ങളും മെറ്റീരിയലുകളും ഒരുക്കൽ<br>❖ സ്കിൽ (വൈഭവം) കണ്ടെത്താനുള്ള ശ്രമങ്ങൾ<br>❖ തെരഞ്ഞെടുക്കപ്പെടുന്നവർക്കെല്ലാം സൗജന്യ പരിശീലനം | ആഴ്ചയിൽ മൂന്ന് ദിവസം | വർക്ക് എക്സ്പീരിയൻസ് ടീച്ചർ | എസ്.ആർ.ജി.<br>എസ്.എം.സി<br>പി.ടി.എ<br>ആരോഗ്യ വകുപ്പ് |
| 2 | സ്കൂൾ ക്രാഫ്റ്റ് മേള | ❖ കുട്ടികൾ നിർമ്മിച്ച് കുട,ചോക്ക്,എൽ.ഇ.ഡി ഇനങ്ങൾ ബാഗ്,നോട്ട് പുസ്തകം തുന്നൽ എംബ്രോയ്ഡറി ഐറ്റം,കൊത്ത് പണികൾ,തുണിയുല്പന്നം,അലങ്കാര ഉൽപന്നങ്ങൾ തുടങ്ങിയവ രക്ഷിതാക്കൾക്കും പൊതുജനങ്ങൾക്കുമായി പ്രദർശിപ്പിക്കൽ-വിൽപ്പന | നവംബർ | വർക്ക് എക്സ്പീരിയൻസ് ടീച്ചർ | കായികധ്യാകൻ<br>എസ്.ആർ.ജി.<br>എസ്.എം.സി<br>പി.ടി.എ<br>പൂർവ്വ വിദ്യാർത്ഥികൾ<br>രൂപ 30000/- |

| | | | | | |
|---|---|---|---|---|---|
| 3 | ഉപജില്ലാ സംസ്ഥാന പ്രവൃത്തി പരിചയ മത്സരങ്ങൾക്കായി കുട്ടികളെ തയ്യാറാക്കി എടുക്കൽ | ❖ തെരഞ്ഞെടുക്കപ്പെടുന്നവർക്ക് ഒഴിവ ദിന പ്രവൃത്തി പരിചയ പരിശീലനങ്ങൾ | വെക്കേഷൻ മറ്റ് അവധി ദിനങ്ങൾ | വർക്ക് എക്സ്പീരിയൻസ് ടീച്ചർ | എസ്.എം.സി<br>പി.ടി.എ<br>പൂർവ്വ വിദ്യാർത്ഥികൾ<br>രൂപ 10000/- |

# അക്കാദമിക മാസ്റ്റർ പ്ലാൻ സവിശേഷ സഹായം ആവശ്യമുള്ള കുട്ടികൾ

| ക്രമനം | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | പിന്തുണ/സാമ്പത്തികം |
|---|---|---|---|---|---|
| 1 | ഭാഷാപരമായ ശേഷി കൈവരിക്കൽ | അക്ഷരങ്ങളും ചിഹ്നങ്ങളും ഉറപ്പിക്കൽ ,ചിത്രം നൽകി കഥപറയൽ,എഴുതൽ | | ഭാഷാധ്യാപകൻ | എസ്.ആർ.ജി<br>പി.ടി.എ |
| 2 | സ്വതന്ത്ര വായന | അക്ഷര കാർഡ്,വേഡ് കാർഡ്,കുട്ടി കഥ,കുട്ടി കവിത,പത്രവായന | | സ്പെഷൽ എഡ്യൂക്കേറ്റർ | ബി.ആർ.സി |
| 3 | എഴുത്ത് | പദസൂര്യൻ.പ്രീ ടെസ്റ്റ്,ചേരും പടി ചേർക്കുക,വിട്ട ഭാഗം പൂരിപ്പിക്കൽ,ചിത്രം നോക്കി വാക്കുകൾ എഴുതൽ,പത്രമെഴുത്ത് | | സ്പെഷൽ എഡ്യൂക്കേറ്റർ | ബി.ആർ.സി |
| 4 | സംഖ്യാബോധം ഉറപ്പിക്കൽ | നമ്പർ ചാർട്ട്,നമ്പർ കാർഡ്,അബാക്കസ്,മാന്ത്രിക ചതുരം | | ഗണിത അദ്ധ്യാപകൻ<br>സ്പെഷൽ എഡ്യൂക്കേറ്റർ | ബി.ആർ.സി |
| 5 | സാമൂഹികരണം | സഹപഠിതാക്കളുടെ പിന്തുണ,സഹവർത്തിത്വം,ഷെയറിംങ്ങ് | | സ്പെഷൽ എഡ്യൂക്കേറ്റർ | ബി.ആർ.സി |
| 6 | നൂതന സാങ്കേതിക വിദ്യ | ലാപ്ടോപ്പ്.ഐ.സി.ടി സാധ്യത കംമ്പ്യൂട്ടർ ലാബ് | | ഐ.ടി ടീച്ചർ | എസ്.ആർ.ജി<br>പി.ടി.എ |
| 7 | പ്രവൃത്തി പരിചയം | കൃഷി മേഖല(കൃഷി ചോക്ക് നിർമ്മാണം,അലങ്കാര ഉൽപ്പന്നങ്ങൾ | | വർക്ക് എക്പീരിയൻസ് ടീച്ചർ | |

- 3.അടയാളങ്ങൾ ഉറപ്പിക്കൽ

ചിത്ര സഹായത്താൽ അടയാളങ്ങൾ ചിഹ്നങ്ങൾ എന്നിവ ഉറപ്പിക്കൽ

4. അക്ഷരകാർഡ്, വാക്കുകൾ എഴുതിയ കാർഡ് 340404

- അക്ഷരകാർഡിലൂടെ വാക്കുകൾ രൂപീകരിക്കൽ, വാക്കകളിലൂടെ വാക്യങ്ങൾ രൂപീകരിക്കൽ 5

ചിത്രം - അടിക്കുറിപ്പ്

5. ചിത്രം നൽകൽ, അടിക്കറിപ്പ് പറയിപ്പിക്കൽ - അധ്യാപികയുടെ സഹായത്തോടെ എഴുതൽ 30?

- കഥ - ബാക്കി പറയൽ - എഴുതൽ 10

ഒരു കഥയുടെ കുറച്ച് ഭാഗം നൽകുന്ന ബാക്കി പറയിപ്പിക്കുന്നു. എഴുതുന്നു

7. കഥാപുസ്തകം നൽകൽ 40

8. വായന, കുറിപ്പ് തയ്യാറാക്കൽ ഒ

9. CD പ്രദർശനം

- ചിത്രങ്ങൾ അടങ്ങിയ CD പ്രദർശിപ്പിക്കുന്നു. ഓരോ ചിത്രത്തെയും കുറിച്ച് പറയാനവസരം എഴുതാനവസരം

## ക്ലബുകളുടെ പ്രവർത്തനം

കുട്ടികളുടെ അക്കാദമിക നിലവാരം മികച്ച രീതിയീൽ വളർത്തുന്നതിന് വിവിധ ക്ലബുകളുടെ പ്രവർത്തനം അനിവാര്യവും പ്രസക്തവുമാണ് കലാ സാംസ്കാരിക മണ്ഡലങ്ങലിൽ ക്രിയാത്മകമായി ഇടപെടാൻ വിവിധ ക്ലബുകളുടെ പ്രവർത്തനങ്ങളിലൂടെ കുട്ടികൾക്ക് കഴിയുന്നു.സംഘബോധം,നേതൃപാടവവം,പ്രശ്ന പരിഹാരശേഷി തുടങ്ങിയ ഗുണങ്ങൾ കുട്ടികൾക്ക് ഈ വഴി സാധ്യമാവുന്നു.സ്വന്തം കഴിവുകൾ തിരിച്ചറിയാനും അത് പ്രകടിപ്പിക്കാനും ക്ലബുകൾ അവസരം ഒരുക്കുന്നു.കായിക ശേഷി വളർത്താനും സമൂഹത്തിൽ ആവശ്യമായ ഇടപെടലുകൾ നടത്താനും കുട്ടികലെ സഹായിക്കുന്നത് ക്ലബുകളാണ്.

ഈ സ്കൂളിൽ പ്രവർത്തിക്കുന്ന വിവിധ ക്ലബുകളുടെ പ്രവർത്തനങ്ങൾ ചേർക്കാതെ ഈ അക്കാദമിക മാസ്റ്റർ പ്ലാൻ പൂർത്തിയാകുന്നില്ല.വിവിധ ക്ലബുകളുടെ ഇടപെടലുകൾ ചുവടെ ചേർക്കുന്നു.

# English club

The Academic Master Plan for English language serves as a Comprehensive framework to enhance Student's Proficiency in English language and literature. It aims to create an engaging learning environment. where students can develop listening, speaking, reading and writing skills effectively. This plan emphasizes both academic excellence and creative expression through structured activities, innovative teaching the Strategies and continuous evaluation.

The primary goal of the English club is to foster communication skills, critical thinking, and a love for language among students. Through this plan, teachers will be equipped with clear guidelines, Yearly schedules and a range of activities to promote interactive and experiential learning. By integrating language skills with real-life applications, the club strives to prepare students to Confidently Contexts. use English in academic and social contexts

## English club activities

1. Book review session:

2. Story telling hour.

3 Library day.

4 Caption writing.

5 Pen pal letters

6 Roleplay/skit

7. Debates

8. Speech practice.

9. Interview session

10. Movie/short film shows

11. Rhymes day.

12.Tongue twister Challenge.

13. Word wall

14. Vocabulary tree

15. Quiz Competition

16. English day celebration

17 Author's day celebration

18 Language games.

19 FM Corner

20. Riddle challenge.

# HINDI CLUB

ലക്ഷ്യങ്ങൾ

= സ്കൂളിൽ എത്തിച്ചേരുണ എല്ലാ കുടികൾക്കും ഹിന്ദിഭാഷ ഫ ലപ്രദമായി എഴുതുവാനും, വായിക്കുവാനും, സംസാരിക്കാന മുള്ള കഴിവ് വളർത്തിയെടുക്കു ക

രാഷ്ട്രഭാഷയോടുള്ള അഭിരുചി

= മാതൃഭാഷയെപോലെ ഹിന്ദിയും നിർദയം കൈകാര്യം ചെയ്യാനും

എഴുതുവാനും, വായിക്കുവാനും, പിന്നോക്കം നി ൽക്കുന്ന കുട്ടികളെ കണ്ടെത്തി കൂടുതൽ പരിശീലനം നൽകുന്നു.

. ഓരോ യൂനിറ്റിലും ലിക്കേണ്ട പഠനനേട്ടങ്ങൾ കുട്ടികളും നേടി എന്ന് ഉറപ്പാക്കുക.
 ഹിന്ദി ഭാഷാ പഠനം ലളിതവും, രസകരവും, ആകർഷകവും ആക്കി മാറ്റാനുള്ള പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുക.

ദിന്നശേഷി കുട്ടികൾക്ക് അനുയോജ്യമായ പഠനപ്രവർ ത്തനങ്ങൾ നൽകി മികവ് നേടാൻ പ്രാപ്തരാക്കുക,

പ്രവർത്തനങ്ങൾ

ഓഡിയോ വിഷൻ സഹായത്തോടെ ഉച്ചാരണം കൂടുലായി പരിചയപ്പെടുന്നു.

കഥാവായന, കവിതാവായന എന്നിവക്ക് അവസരം പാഠഭാഗവുമായി ബന്ധപ്പെട്ട് പ്രസിദ്ധ സാഹിത്യകാരന്മാരുടെ കൃതികൾ നൽകുന്നു. കഥകൾ, നോവലുകൾ, സിനിമകൾ എന്നിവ കാണിക്കുവാൻ അവസരം നൽകുന്നു.

ഹിന്ദി മാതൃ ഭാഷയായിട്ടുള്ള പ്രദേശങ്ങളിലേക്ക് പഠനയാത്ര കൾ സംഘടിപ്പിക്കുന്നു.

- കേട്ടെഴുത്ത്, പരസ്യൂര്യൻ, പ്രശ്നോത്തരി എന്നിവ നൽകുന്നു.

. വർക്ക്ഷീറ്റുകൾ നൽകുന്നു. ചിത്രങ്ങൾ അടങ്ങിയ പുസ്തക ങ്ങൾ വായിക്കുവാൻ നൽകുന്നു.

ചാർട്ടുകൾ നൽകുന്നു. അതിൽനിന്ന് സർവ്വനാമം, വിശേഷണം എന്നിവ കണ്ടെത്താൻ  പറയുന്നു.

പാഠഭാഗത്തിലെ സന്ദർഭങ്ങൾ നൽകുന്നു. കഥാപാത്രങ്ങളെ ആസ്പദമാക്കി, ചരിത്രമുറിപ്പ് തയ്യാറാക്കുവാൻ പറയുന്നു.

എല്ലാ ദിവസവും ഡയറി എഴുതുവാനുള്ള നിർദേശം നൽകുന്നു.

വേദിയിൽ അവതരിപ്പിക്കുന്നു. സന്ദർഭോചിതമായി സംഭാഷണം തയ്യാറാക്കുവാൻ പറയുന്നു.

പോസ്റ്ററിൻ്റെ മോഡൽ നൽകുന്നു. വിവിധ വിഷയങ്ങൾ നൽകുന്നു. മാസിൽ പ്രദർശിപ്പിച്ച് മൂല്യനിർണ്ണയം നടത്തുന്നു.

ഹിന്ദി ക്ലബ് പ്രവർത്തനങ്ങൾ .

1. വാചാല പ്രതിഭ

ഹിന്ദിയിൽ പ്രസംഗ മത്സരം (ക്ലാസ്സിന് അനുയോജ്യമായ തലങ്ങളിൽ)

2. Gelasım 2m0 (Essay writing) . പലതരം വിഷയങ്ങളിൽ  (ക്ലാസിന് അനുയോജ്യമായ തലങ്ങളിൽ)

3. സൃഷ്ട്ടി പരമായ പ്രദർശനം.   പോസ്റ്റർ നിർമ്മാണം.
ഹിന്ദി ദിനം, ഗാന്ധിജയന്തി  (മുതലായ സന്ദർറങ്ങളിൽ)

4. ഗാന മത്സരം (. ഹിന്ദി ദേശഭക്തി  ഗാനങ്ങളും . ഭാവഗീതങ്ങളും).

5. (Poetry Recitation) പ്രശസ്ത ഹിന്ദി കവിതകളുടെ പാരായണം.

6. ഹിന്ദി ദിനാഘോഷം.

സെപ്തംബർ 14 ഹിന്ദി ദിനം -ആഘോഷം. മികച്ച പ്രകടനം കാഴ്ചവെച്ചവർക്ക്

ഹിന്ദി അക്ഷരകളി

ചിഹനങ്ങൾക്കൊണ്ടുള്ള കാർഡുകൾ മെമ്മറി ഗെയിമുകൾ

8. ചിത്രം വരയ്ക്കലും വിവരണവും

## ഉപസംഹാരം

ഈ അക്കാദമിക മാസ്റ്റർ പ്ലാനിൽ നമ്മുടെ വിദ്യാലയത്തിന്റെ 2025-26 അക്കാദമിക വർഷത്തെ "പഠനയാത്ര" യെപ്പറ്റിയുള്ള വ്യക്തമായ ചിത്രമാണ്.അക്കാദമിക ലക്ഷ്യങ്ങൾ നിശ്ചയിക്കുക ,പഠന തന്ത്രങ്ങൾ ആസൂത്രണം ചെയ്യുക ലഭ്യമായ വിഭവങ്ങൾ പരമാവധി പ്രയോജനപ്പെടുത്തുക എന്നിവയെല്ലാം ഈ പ്രക്രിയയുടെ നിർണ്ണായക ഘടകങ്ങളാണ്.ഓരോ വ്യക്തിയുടെയും പഠനരീതിയും ലക്ഷ്യങ്ങളും വ്യത്യസ്തമായതിനാൽ ഈ പ്ലാൻ ഒരു വഴി കാട്ടി മാത്രമാണ്.ഇത് സാഹചര്യങ്ങൾക്കനുസരിച്ച് മാറ്റങ്ങൾ വരുത്താനും പുതിയ കാര്യങ്ങൾ ഉൾപ്പെടുത്താനും സ്വാതന്ത്ര്യമുള്ള ഒരു തുറന്ന ചട്ടക്കൂട് മാത്രമാണ്.വെല്ലുവിളികൾ ഉണ്ടാവാം ചിലപ്പോൾ പ്രതീക്ഷിച്ചതിലും കൂടുതൽ സമയം ആവശ്യമായി വന്നേക്കാം,എന്നാൽ വ്യക്തമായ ലക്ഷ്യബോധവും സ്ഥിരോത്സാഹവും ഉണ്ടെങ്കിൽ ഏത് പ്രതിബന്ധങ്ങളേയും അതിജീവിക്കാൻ കഴിയും.എന്തായാലും അക്കാദമിക ലക്ഷ്യങ്ങൾ നേടിയെടുക്കുന്നതിനായുള്ള നമ്മുടെ പ്രവർത്തനങ്ങളുടെ ദിശാസൂചികയായി ഈ രേഖ വർത്തിക്കട്ടെ........